# TRICHUR ARCHDIOCESAN BULLETIN

MAY 2015



81 YEARS OF PUBLICATION 1934-2014

25 Greetings

# Silver Jubillee



Fr. Jose Chalakkal



Fr. George Cheruvathoor



Fr. Babu Panattuparambil



Fr. Jiffy Mekkattukulam



Fr. Daveed Vithayathil



Fr. Paul Pulikkan



Fr. Lawrence Thaikkattil



Fr. Andrews Kuttikatt

TRICHUR
ARCHDIOCESAN
# Bulletin

പുസ്തകം : 82
മെയ് 2015
ലക്കം : 5

ഈ ലക്കത്തിൽ


- സർക്കുലർ 4
- കച്ചേരികാര്യം 12
- അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - മെയ് 20
- സഹായമെത്രാന്റെ പരിപാടികൾ - മെയ് 22
- നാളാഗമം 24
- സാമ്പത്തിക കാര്യാലയം 28
- വൈദികർ 31
- സന്യസ്തർ 34
- സ്ഥാപനങ്ങൾ 40
- സാന്ത്വനം 54
- സംഘടനകൾ 57


*Imprimatur*
(Sd)

**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***

**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

865/2015 C - 6
21/05/2015

## സർക്കുലർ

# അതിരൂപതാദിനം

മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ ഈ വർഷത്തെ അതിരൂപതാദിനാചരണം മെയ് 20ന് പാലയൂർ ഫൊറോനപള്ളിയിൽ വിവിധ പരിപാടികളോടെ ആഘോഷിക്കുന്ന വിവരം ഞാൻ നിങ്ങളെ സന്തോഷപൂർവ്വം അറിയിക്കുന്നു.

1887 മെയ് 20ന് ലെയോ പതിമൂന്നാമൻ മാർപ്പാപ്പയുടെ 'കോദ്‌യാം പ്രീദം' എന്ന തിരുവെഴുത്ത് മൂലമാണല്ലോ തൃശ്ശൂർ ആസ്ഥാനമായി ഒരു വികാരിയാത്ത് സ്ഥാപിതമാകുന്നത്. നമ്മുടെ അതിരൂപത സ്ഥാപിതമായതിന്റെ 128–ാം വാർഷികമാണ് ഈ വർഷം നാം ആചരിക്കുന്നത്. തൃശ്ശൂർ അതിരൂപതയ്ക്ക് ദൈവം നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നമുക്ക് നന്ദി പറയാം. നമ്മുടെ അതിരൂപതയെ പടുത്തുയർത്താൻ അത്യധ്വാനം ചെയ്ത എല്ലാ അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയും സമർപ്പിതരുടെയും അത്മായരുടെയും പാവനസ്മരണയ്ക്കു മുമ്പിൽ നമുക്ക് പ്രണാമം അർപ്പിക്കാം.

2013 മുതൽ അതിരൂപതാദിനം കൂടുതൽ ജനപങ്കാളിത്തത്തോടെ ഫൊറോനകളിൽ വച്ച് ആചരിക്കുന്ന പതിവ് ആരംഭിച്ചുവല്ലോ. ഈ വർഷം പാലയൂർ ഫൊറോന പള്ളിയിൽ വച്ച് നടത്തപ്പെടുന്ന അതിരൂപതാദിനം വിജയിപ്പിക്കാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. അതിരൂപതാദിനത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികൾ താഴെ ചേർക്കുന്നു.

1. മെയ് 17 ഞായർ – കൃതജ്ഞതാദിനം : നമ്മുടെ അതിരൂപതയിലെ എല്ലാ പള്ളികളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും മെയ് 17 ഞായർ കൃതജ്ഞതാദിനമായി ആചരിക്കേണ്ടതാണ്. അതിരൂപതയിലൂടെ ദൈവം നൽകിയ എല്ലാ നന്മകൾക്കും നന്ദി പറഞ്ഞ് വി. കുർബാന അർപ്പിക്കുകയും പ്രസ്തുത ബലിക്കുശേഷം എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും പേപ്പൽ പതാക ഉയർത്തേണ്ടതുമാണ്. ഓരോ ഇടവകയും സ്ഥാപനവും അവരുടെ കഴിവനുസരിച്ച് ഏതെങ്കിലും പരസ്നേഹപ്രവർത്തനങ്ങൾ (അരി, മരുന്ന്, വസ്ത്രം എന്നിവയുടെ വിതരണം, അനാഥാലയങ്ങളിലെ

സ്നേഹസന്ദർശനം, ഡയാലിസിസ് ഫണ്ട് കൊടുക്കൽ, രക്തദാനം മുതലായവ) ചെയ്യാനും ശ്രദ്ധിക്കണം.

2. മെയ് 20 ബുധൻ – അതിരൂപതാദിനം : അതിരൂപതാദിന പരിപാടികൾ പാലയൂർ ഫൊറോന പള്ളിയിൽ വച്ച് രാവിലെ 9:30ന് രജിസ്റ്ററേഷനോടുകൂടി ആരംഭിക്കുന്നു. 10 മണിക്ക് കൃതജ്ഞതാബലി ആരംഭിക്കും. വി.കുർബാനക്കുശേഷം പൊതുയോഗം ഉണ്ടായിരിക്കുന്നതാണ്. തുടർന്ന് സ്നേഹവിരുന്നോടുകൂടെ ഉച്ചകഴിഞ്ഞ് 1:30ന് അന്നത്തെ പരിപാടികൾ അവസാനിക്കുന്നതായിരിക്കും. അതിരൂപതാദിനം നമ്മുടെ അതിരൂപതാ കുടുംബത്തിന്റെ ഒരു പ്രാതിനിധ്യ സ്വഭാവത്തിലുള്ള സംഗമമാണ്. എല്ലാവരുടെയും നിർല്ലോഭമായ സഹകരണം ഇതിന്റെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും വൈദികവിദ്യാർത്ഥികളും സന്യാസാശ്രമങ്ങളിലെ സുപ്പീരിയർമാരും മറ്റൊരംഗവും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും അതിരൂപതാതല സംഘടനാ ഭാരവാഹികളും ഇടവകകളിൽ നിന്ന് നടത്തുകൈക്കാരന്മാരും (അല്ലെങ്കിൽ കൈക്കാരന്മാരിൽ ആരെങ്കിലും ഒരാളും) കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർമാരും മതബോധന പ്രധാനധ്യാപകരും പ്രതിനിധിയോഗം സെക്രട്ടറിമാരും കുടുംബകൂട്ടായ്മാപ്രസിഡന്റുമാരും (അല്ലെങ്കിൽ അവരുടെ പ്രതിനിധിയും) ഇതിൽ പങ്കെടുക്കേണ്ടതാണ്. അതിരൂപതയിലെ എല്ലാ വൈദികരും അന്നത്തെ സമൂഹബലിയിൽ പങ്കെടുക്കേണ്ടതാണ്.

സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ രംഗത്തെ പ്രമുഖർ അതിരൂപതാദിന പരിപാടികളിൽ പങ്കെടുക്കുന്നതാണ്. അതിരൂപതയ്ക്ക് വിശിഷ്ട സേവനം ചെയ്തവർക്കുള്ള അവാർഡുകളും അന്ന് വിതരണം ചെയ്യുതാണ്.

നമ്മുടെ അതിരൂപതാകുടുംബത്തിന്റെ അമ്മയായ പരി. അമലോത്ഭവ മാതാവിന്റെ മാധ്യസ്ഥം നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

*NB: ഈ സർക്കുലർ 2015 മെയ് 10 ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ അറിയിക്കേണ്ടതാണ്. +AT*

# 52-ാം ലോകദൈവവിളി പ്രാർത്ഥനാദിനം

## 19 ഏപ്രിൽ 2015, ഈസ്റ്റർ കഴിഞ്ഞ് രണ്ടാം ഞായർ

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

1. ഓരോ വർഷവും ക്രിസ്തുവിന്റെ ഉത്ഥാനത്തിരുന്നാളിന്റെ നാലാമത്തെ ഞായറാഴ്ച ദൈവവിളി പ്രാർത്ഥനാ ദിനമായി നാം ആചരിക്കയാണല്ലോ. ഈ വർഷം അത് ഏപ്രിൽ 26-ാം തിയതിയാണ്. നല്ല ഇടയന്റെ ആത്മീയതക്കു മുന്നിൽ സ്വയം സമർപ്പിച്ചുകൊണ്ട് മറ്റുള്ളവർക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെക്കുവാൻ തയ്യാറാവുന്നവരെ പ്രത്യേകം നാം അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ട ദിവസമാണിത്. ഏപ്രിൽ 19-ാം തിയതി മുതൽ 25-ാം തിയതി വരെ ദൈവവിളി വാരമായും 26-ാം തിയതി ദൈവവിളി പ്രാർത്ഥനാദിനമായും ആചരിക്കേണ്ടതാണ്; അതിനായി എല്ലാ രൂപതകളും, ഇടവകകളും സന്യാസഭവനങ്ങളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സമർപ്പിത വർഷത്തിന്റെയും കുടുംബങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക വത്തിക്കാൻ സിനഡിന്റെയും പശ്ചാത്തലത്തിൽ സമർപ്പിതരേയും അവരുടെ കുടുംബങ്ങളെയും പ്രത്യേകം അനുമോദിക്കുന്നു. ആഗോളകത്തോലിക്കാ സഭക്കുവേണ്ടിയുള്ള അവരുടെ സമർപ്പണത്തെ ഓർത്ത് ദൈവത്തിനും അവർക്കും ആത്മാർത്ഥമായി നന്ദിപറയുന്നു. പ്രതിഫലം നൽകുന്ന കർത്താവ് അവരെ കരുണയോടെ കാക്കുമെന്ന് നമുക്കുറപ്പുണ്ട്.

2. ‘‘എന്റെ നാമത്തെപ്രതി ഭവനത്തെയോ സഹോദരന്മാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും. അവർ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും.’’ (മത്താ. 19:29)

3. ഈ വർഷത്തെ ദൈവവിളി പ്രാർത്ഥനാദിനം സ്വന്തം ആളുകൾക്കുവേണ്ടി ജീവൻ കൊടുക്കാൻ തയ്യാറായ ക്രിസ്തുവാകുന്ന

നല്ലിടയനെ കൂടുതൽ ധ്യാനിക്കുന്നതിന് നമ്മെ ആഹ്വാനം ചെയ്യുന്നു. പ്രത്യേകിച്ചും ആഫ്രിക്കയിലും പശ്ചിമേഷ്യൻ രാജ്യങ്ങളിലും നമ്മുടെ മാതൃരാജ്യത്തുവരെയും സമർപ്പിതർക്കെതിരെ കൂടിക്കൂടിവരുന്ന അക്രമങ്ങളുടെ മുന്നിൽ രക്തസാക്ഷിത്വം വരിച്ചും അപമാനം സഹിച്ചും ക്രൂരതക്ക് ഇരകളായും ദൈവത്തിനും ദൈവരാജ്യത്തിനുംവേണ്ടി സ്വയം ത്യജിക്കുന്നവരെ ഓർത്ത് നാം ദൈവത്തിനു നന്ദി പറയുന്നു.

ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ (ലൂക്കാ 9.23) എന്ന ക്രിസ്തുനാഥന്റെ ആഹ്വാനം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നവരാണ് സമർപ്പിതർ. സമർപ്പിതജീവിതം ക്രൂശിതനെ പിൻചെല്ലലാണ്. കുരിശിനെ അനുഗമിച്ചവരെല്ലാം ക്രിസ്തുവിന്റെ സ്നേഹിതരായി തീർന്നു. ഈ ഗാഢബന്ധം നമ്മെ ഓരോരുത്തരേയും അപരന്റെ നന്മക്കുവേണ്ടി ജീവിതം മാറ്റിവക്കാൻ പ്രേരിപ്പിക്കുന്നു. ത്യാഗോജ്വലജീവിതത്തിന്റെ പ്രകാശ ഗോപുരങ്ങളായി ക്ലേശപൂരിതമായ സ്ഥലങ്ങളിൽ സേവനം ചെയ്യുന്ന സമർപ്പിതർക്കുവേണ്ടി എല്ലാവരും പ്രത്യേകം പ്രാർത്ഥനാ സംഗമങ്ങൾ സംഘടിപ്പിക്കേണ്ടതും ത്യാഗപൂർണ്ണമായി ഇത്തരം മേഖലകൾക്കായി സേവനസന്നദ്ധരാവുകയും ചെയ്യേണ്ടതാണ്. ദൈവവിളിയെക്കുറിച്ച് ധ്യാനിക്കുകയും വിചിന്തനം ചെയ്യുകയും കുട്ടികൾ അതിനായി ജീവിതത്തിലെ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ ആഴമുള്ളതും പ്രായോഗികവുമായ ചില കാര്യങ്ങൾ നാമെല്ലാവരും ഓർത്തിരിക്കേണ്ടതാണ്.

4. വിളിക്കുക എന്നർത്ഥം വരുന്ന 'വൊക്കാരെ' എന്ന ലത്തീൻ പദമാണ് സാധാരണ നാം ദൈവവിളിയെ സൂചിപ്പിക്കുവാൻ ഉപയോഗിക്കാറുള്ളത്. ഓരോ വ്യക്തിയെയും ഓരോ ദൗത്യത്തിനുവേണ്ടി ദൈവം പ്രത്യേകം പദ്ധതിയിട്ട് വിളിക്കുന്നു. ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ഓരോരുത്തരും വളരെ പ്രധാനപ്പെട്ടതുമാണെന്ന് അവിടുത്തെ പ്രത്യേക വാത്സല്യം ഓർമ്മപ്പെടുത്തുന്നു (ജെറ. 29,11, ഏശ. 43,1). പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ റല്ലഗ്രാത്തെവി എന്ന പ്രബോധനം ഇപ്പറഞ്ഞ തിരിച്ചറിവുകൾ നമുക്കു നൽകുന്ന സന്തോഷത്തെ വെളിവാക്കുകയും ചെയ്യുന്നു (റല്ലഗ്രാത്തെവി, 4). അതുകൊണ്ടുതന്നെ ചില ബോദ്ധ്യങ്ങൾ നമുക്കുണ്ട്.

വിളിക്കുന്നവൻ ദൈവമാണ്. “നിങ്ങൾ എന്നെയല്ല, ഞാൻ നിങ്ങളെയാണ് തിരഞ്ഞെടുത്തത്” (യോഹ. 15.16). “തനിക്കി ഷ്ടമുള്ളവരെ അവൻ തന്റെ അടുത്തേക്കു വിളിച്ചു” (മർക്കോ. 3,13) എന്ന് തിരുവചനത്തിൽ നാം ധ്യാനിക്കുമ്പോൾ ഓരോ ദൈവവിളിയും ക്രിസ്തുവിന്റെ ഹൃദയത്തോട് എത്രമാത്രം ചേർന്നിരിക്കുന്നതാണെന്നു വ്യക്തം. അതുകൊണ്ടുതന്നെ മനുഷ്യസഹജമായ ബലഹീന തകൾക്കും കുറവുകൾക്കുമപ്പുറം രക്ഷകന്റെ കൈപിടിച്ച് മറ്റുള്ളവരെ രക്ഷിക്കുവാനുള്ള വിളി ഒരു ദൈവാനുഭവമാണ്. “നിന്റെ കുറവുകളിലാണ് എന്റെ ശക്തിപ്രകടമാകുന്നത് (2 കൊറി. 12,9) എന്ന് അപ്പസ്തോലനോട് അരുൾ ചെയ്ത കർത്താവ് ഓരോ വിളിയുടെയും മുന്നിലും പിന്നിലും കൂടെയുമുണ്ട്; പ്രത്യേകിച്ച് ദൈവജനത്തിനു വേണ്ടി സകലതും ത്യജിച്ച സമർപ്പിതരുടെകൂടെ.

5. ഈ ഒരു സത്യം വെളിവാകുമ്പോൾ നമുക്കിടയിലെ സമർപ്പിതരെ കുറച്ചുകൂടി കരുണയോടെ കാണുവാൻ നമുക്കു സാധിക്കും. അവരുടെ ബലഹീനതകൾ ഒരു പ്രത്യുത്തരത്തിലൂടെ ഇല്ലാതാകുന്നില്ല. “ഈ നിധി മൺപാത്രങ്ങളിലാണ് ..... ലഭിച്ചിട്ടുള്ളത്” (2 കൊറി. 4,7). ക്ലേശപൂർണ്ണമായ ഒരു സഹന പ്രക്രിയയിലൂടെയാണ് പിന്നീട് വിളിക്കനുസൃതമായി ജീവിച്ചു തുടങ്ങുക. അതിനാൽതന്നെ സമർപ്പിത ജീവിതങ്ങൾക്കുവേണ്ടി നാം കൂടുതൽ പ്രാർത്ഥിക്കേ ണ്ടിയിരിക്കുന്നു. മോശയെപ്പോലെ അവരുടെയും ജീവിതങ്ങൾ തളർന്നും തകർന്നും പോകുമ്പോൾ നമ്മുടെ ജീവിതയുദ്ധങ്ങളാണ് തോറ്റുപോവുക. അതിനാൽ അവരുടെ കൈകളേയും മനസ്സിനേയും നമുക്കും താങ്ങി നിറുത്താം, പ്രാർത്ഥനയോടെ.

6. ധാരാളം യുവജനങ്ങൾ ഈ ദിവസങ്ങളിൽ ദൈവവിളിക്ക് പ്രത്യുത്തരം നൽകി വിവിധ സമർപ്പിത ജീവിതാന്തസ്സുകളിലേക്ക് പ്രവേശിക്കുന്നുണ്ട്. വൊക്കേഷൻ പ്രമോഷനുവേണ്ടി ധാരാളം സന്യസ്ഥർ പള്ളികളിലും വീടുകളിലും ഒക്കെ കയറിയിറങ്ങുന്നുമുണ്ട്. ദൈവവിളി പരിവേഷണവും പരിപോഷണവുമാണ്; അവരോട് സഹകരിക്കുക. ഇത് സഭയുടെ നന്മക്കുവേണ്ടിയാണ്. ഇടയനില്ലാത്ത ആടുകളെപ്പോലെ അലയുന്ന യുവജനങ്ങളുടെയും കുടുംബങ്ങളുടെയും എണ്ണം കൂടിവരികയാണ്. ധൂർത്തപുത്രന്റെ ഉപമയിലെന്നപോലെ ധാരാളം യുവതീയുവാക്കൾ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അശ്ലീലത്തിന്റെയും അക്രമത്തിന്റെയും “ദൂരദേശത്ത്”

അലയുകയാണ്. വഴിതെറ്റി അലയുന്ന ആടുകളെതേടി പോകുന്ന ഇടയന്മാരെ നമുക്കാവശ്യമാണ്; സഭക്കും സമൂഹത്തിനും. വൊക്കേഷൻ പ്രമോഷൻ നടത്തുവാൻ എത്തുന്നവരെ പരിഗണിക്കുകയും അവരോട് ചേർന്ന് സഭകളിലേക്ക് കൂടുതൽ ദൈവവിളികളെ കണ്ടെത്തേണ്ടതുമാണ്.

7. ആത്മീയബോധ്യങ്ങളിലും ആഴങ്ങളിലും നാം ദൈവസഭയെ വളർത്തുവാൻ അക്ഷീണം പരിശ്രമിക്കുമ്പോൾ ചില പ്രായോഗിക കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ.

1. ദൈവവിളി സ്വീകരിച്ച് ഏതെങ്കിലും രൂപതയിലോ സഭാസമൂഹങ്ങളിലോ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾ വികാരിയച്ചന്റെ കത്ത് നിർബന്ധമായും വാങ്ങിയിരിക്കണം. നിങ്ങൾ പോകുന്നത് സുരക്ഷിതസ്ഥാനങ്ങളിലേക്കാണെന്ന് നിങ്ങൾക്കുകൂടി ഉറപ്പാകാൻ വേണ്ടിയാണ്.

2. ഓരോ കുട്ടിക്കും താല്പര്യമുള്ള സ്ഥലങ്ങളിലും സഭകളിലും ചേരുവാൻകുട്ടികളെ അനുവദിക്കണം. വികാരിയച്ചന്മാരോ, സന്യാസിസന്യാസിനികളോ നിർബന്ധിച്ച് ഒരുകുട്ടിയെപ്പോലും മറ്റൊരിടത്തേക്ക് പറഞ്ഞയക്കരുത്. ഓരോ ദൈവവിളിയും ഉടലെടുക്കുന്നതും വളരുന്നതും സഭയിലാണ്; സഭക്കുവേണ്ടിയാണ്. 'അപ്പോളൊ നട്ടു ഞാൻ വെള്ളമൊഴിച്ചു' എന്നൊക്കെ അപ്പസ്തോലൻ പറയുന്നത് ഇവിടെയും ബാധകമാണ്.

3. ചില സമൂഹങ്ങളിൽ നിന്നു പുറത്താക്കപ്പെട്ടവരും അന്യമത സ്ഥർപോലും വൊക്കേഷൻ പ്രമോട്ടേഴ്സ് എന്ന വ്യാജേന കുട്ടികളെ ആകർഷിക്കുന്നതായി അറിവുണ്ട്; ജാഗ്രത പുലർത്തുക.

4. പ്രണയവിപ്ലവങ്ങൾ ദൈവവിളി സ്വീകരിക്കാൻ താല്പര്യപ്പെടുന്ന കുട്ടികളെ വഴിതെറ്റിക്കുന്നു. കുട്ടികൾ ഒരു ദൈവവിളി സംസ്കാരത്തിൽ വളരുന്നുവെന്നും കത്തോലിക്കാ സഭയിലെ പക്വതയുള്ള ഒരു ആത്മീയ നിയന്താവ് ഓരോ കുട്ടിയുമായും സമ്പർക്കത്തിൽ ഉണ്ടെന്നും ഉറപ്പാക്കുക.

5. സാത്താൻ സേവക്കാരും മതതീവ്രവാദികളും കുട്ടികളെ വശീകരിച്ചും തട്ടിക്കൊണ്ടുപോയും മതം മാറ്റുവാനും കത്തോലിക്കാ

സഭക്കെതിരായ മറ്റ് പ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കുവാനും സാധ്യതയുള്ളതായി കാണുന്നു; ബന്ധപ്പെട്ട അധികാരികളും മാതാപിതാക്കളും ജാഗ്രത പുലർത്തുക.

6. തങ്ങളുടെ ദൈവവിളി തിരിച്ചറിയുവാൻ ആഗ്രഹമുള്ള യുവതീയുവാക്കന്മാർ രൂപതാ വൊക്കേഷൻ ബ്യൂറോയിലോ, സമൂഹങ്ങളുടെ വൊക്കേഷൻ ഡയറക്ടറുടേയോ, കെ.സി.ബി.സി. ദൈവവിളി കമ്മീഷന്റെ ഓഫീസിലോ ബന്ധപ്പെട്ടാൽ കൂടുതൽ അറിവും ഗൈഡൻസും ലഭിക്കും.

സന്യാസ്ഥ വർഷം പ്രമാണിച്ച് മറ്റുചില പ്രായോഗിക കാര്യങ്ങൾ കൂടി.

7. ഓരോ ഇടവകയിലും അവിടെനിന്നുള്ള സമർപ്പിതരെ വിളിച്ചുകൂട്ടുകയും കുട്ടികൾക്ക് പ്രചോദനമാകുന്നവിധം പ്രാർത്ഥനകളും അനുമോദന സമ്മേളനങ്ങളും സംഘടിപ്പിക്കുകയും ചെയ്യുക.

8. ഓരോ ഇടവകയിലും സമർപ്പിത ദൈവവിളികൾക്കായി പോയിട്ടുള്ളവരുടെ മാതാപിതാക്കളുമായി വികാരിയച്ചന്റെയും സമർപ്പിതരുടെയും സാന്നിധ്യത്തിൽ മറ്റുള്ളവർക്ക് ദൈവവിളിയെക്കുറിച്ച് ചർച്ച ചെയ്യുവാനും അവരെ അനുമോദിക്കുവാനും അവസരമൊരുക്കുക.

9. ഏപ്രിൽ 26 ആഘോഷപൂർവ്വകമായ ദൈവവിളി ദിനമായി ആചരിക്കുക.

10. മതതീവ്രവവാദത്തിന്റെയും സാത്താൻ സേവയുടെയും ലഹരിവസ്തുക്കളുടെയും സംസ്കാരത്തിൽ നിന്ന് ഇടവകയിലെ യുവജനങ്ങളെ സംരക്ഷിക്കുവാൻ കർമ്മപരിപാടികൾ സംഘടിപ്പിക്കുക.

11. ഓരോ കുടുംബവും സമർപ്പിത വ്യക്തികളെ ക്ഷണിച്ച് അവരുമായി ദൈവവിളിയെക്കുറിച്ച് ചർച്ച ചെയ്യുക.

**8. ഇന്നത്തെയും ഇനിവരാനിരിക്കുന്ന നാളുകളിലെയും സമൂഹത്തെ ക്രിസ്തീയ ചൈതന്യത്തിൽ വളർത്തുവാൻ കത്തോലിക്കാ വീക്ഷണമുള്ള നേതൃനിരയെ സഭക്കാവശ്യമാണ്.**

ലോകമെമ്പാടും പോയി ക്രിസ്തുവിനുവേണ്ടി ശുശ്രൂഷചെയ്യാൻ നമ്മുടെ കൊച്ചുകൊച്ചുലോകങ്ങളിൽനിന്നും പുറത്തേക്ക് നോക്കി വിശാലമായി ചിന്തിക്കേണ്ടതുണ്ട്. തുറവിയുള്ള ചക്രവാളങ്ങൾ കുട്ടികൾക്കുണ്ടാകണമെങ്കിൽ തുറവിയുള്ള മാതാപിതാക്കളും സഭാ നേതൃത്വവും വേണം. ദൈവവിളി ദൈവം വിളിക്കുന്നിട ത്തേയ്ക്കാണ്; ആരുടെയും സ്വാർത്ഥത അതിന് തടസ്സമാകരുത്. പരിശുദ്ധ പിതാക്കന്മാർ പഠിപ്പിക്കുന്ന റെദംതോർ ഹോമിനിസ്, റെദംതോറിസ് മിസിയോ, പസ്ത്തോറെസ് ദാബൊ വോബിസ്, റല്ലഗ്രാത്തെവി തുടങ്ങിയ പ്രബോധനങ്ങൾ ചർച്ചചെയ്ത് സഭാ ചൈതന്യത്തോട് ചേർന്നുനിന്ന് നമുക്ക് നമ്മുടെ ദൈവവിളികളെ പരിപോഷിപ്പിക്കാം.

ഉത്ഥിതനായ ക്രിസ്തുവിന്റെ ശാന്തിയും സമാധാനവും നിങ്ങൾക്ക് ആശംസിച്ചുകൊണ്ട്,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

---

NB: ഏപ്രിൽ 19-ാം തിയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പി ക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിന്റെ സാരാംശം എല്ലാവർക്കും വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | | |
|---|---|---|---|
| മെയ് | 1 | : | തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പ് |
| | | : | ആദ്യവെള്ളി |
| | 2 | : | വി. അത്തനേഷ്യസ് |
| | **3** | : | **ഉയിർപ്പ് അഞ്ചാം ഞായർ** |
| | | : | വി. പീലിപ്പോസും യാക്കോബും ശ്ലീഹന്മാർ |
| | 6 | : | വി. ഡൊമിനിക് സാവിയോ |
| | 10 | : | **ഉയിർപ്പ് ആറാം ഞായർ** |
| | 13 | : | വി. മത്തിയാസ് ശ്ലീഹ |
| | 14 | : | ന. ക. സ്വർഗ്ഗാരോഹണം |
| | 17 | : | **ഉയിർപ്പ് ഏഴാം ഞായർ** |
| | 24 | : | **ശ്ലീഹാ ഒന്നാം ഞായർ** |
| | | | പന്തക്കുസ്താ തിരുനാൾ |
| | 30 | : | വി. ജസ്റ്റിൻ |
| | 31 | : | **ശ്ലീഹാ രണ്ടാം ഞായർ** |
| | | : | പരി. ത്രിത്വത്തിന്റെ തിരുനാൾ |
| | | : | പരി. കന്യകാമറിയത്തിന്റെ സന്ദർശനം |

**2. മെയ് മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 01 | | മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെയും മെത്രാഭിഷേകദിനം |
| 05 | 07.30 pm | സാമ്പത്തികസമിതി യോഗം |
| 09 | | വൈദികവസ്ത്രസ്വീകരണം |
| 20 | | അതിരൂപതാദിനം |
| 27 | | പ്രോവിൻസ് മീറ്റ് (TIP) |
| 28 | 10.00 am - 02:00pm | ആലോചനസമിതി യോഗം |

**3. മെത്രാഭിഷേക വാർഷികം:**

അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെയും മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും മെത്രാഭിഷേക വാർഷിക ദിനമാണ് മെയ് 1. അന്നേ ദിനം അഭിവന്ദ്യപിതാക്കന്മാർക്കുവേണ്ടി വി. കുർബാന മധ്യേ പ്രത്യേകം

പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. അഭിവന്ദ്യപിതാക്കന്മാർക്ക് അതിരൂപതയുടെ പ്രാർത്ഥനാപൂർണ്ണമായ ആശംസകൾ നേരുന്നു.

**4. വൈദികവസ്ത്ര സ്വീകരണം**

അതിരൂപതയ്ക്കുവേണ്ടി വിവിധ സ്ഥാപനങ്ങളിലും ഇടവകകളിലും പ്രായോഗിക പരിശീലനം പൂർത്തിയാക്കിയ 10 വൈദിക വിദ്യാർത്ഥികൾ മെയ് 9ന് ഉച്ചകഴിഞ്ഞ് 2:30 ന് മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിക്കുന്നതാണ്. പൗരോഹിത്യ പരിശീലനത്തിൽ ഒരുപടി മുന്നോട്ട് കടക്കുന്ന അവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ.

| | | |
|---|---|---|
| 1. | ചിറയത്ത് ജീൻ | ഒളരിക്കര |
| 2. | മാപ്രാണി അലക്സ് | ഒല്ലൂർ |
| 3. | ഡിക്സൻ കൊളമ്പ്രത്ത് | എറവ് |
| 4. | കണ്ണനായ്ക്കൽ സജിൽ | പോന്നോർ |
| 5. | കിഴക്കേകണ്ണൻചിറ ഫ്രിന്റോ | പഴയന്നൂർ |
| 6. | ഗ്രിജോ മുരിങ്ങാത്തേരി | കിരാലൂർ |
| 7. | താണ്ടാശ്ശേരി കനേഡിയൻ | ചേർപ്പ് |
| 8. | പെട്ടയിൽ നോബിൾ | പട്ടിക്കാട് |
| 9. | താണിയ്ക്കൽ അനുവിൻ | കാരമുക്ക് |
| 10. | രായപ്പൻ ആന്റോ | കല്ലൂർ വെസ്റ്റ് |

**6. ജൂബിലി ആഘോഷിക്കുന്ന വൈദികർ :**

രജത ജൂബിലി ആഘോഷിക്കുന്ന ഫാ. ജോർജ്ജ് ചെറുവത്തൂർ, ഫാ. ബാബു പാണാട്ടുപറമ്പിൽ, ഫാ. ജിഫി മേക്കാട്ടുകുളം, ഫാ. ലോറൻസ് തൈക്കാട്ടിൽ, ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട്, ഫാ. പോൾ പുളിക്കൻ, ഫാ. ജോസ് ചാലക്കൽ, ഫാ. ദാവീദ് വിതയത്തിൽ എന്നിവർക്ക് ജൂബിലിയുടെ അനുമോദനങ്ങളും പ്രാർത്ഥനകളും.

**7. വൈദികനിയമനം :**

| | | |
|---|---|---|
| 1. ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | - | പ്രീസ്റ്റ് ഇൻ ചാർജ്ജ് ചെമ്പുക്കാവ് കുരിശുപള്ളി, ലൂർദ്ദ് കത്തീഡ്രൽ ഇടവക; സാധുത 2015 മാർച്ച് 10 മുതൽ. |
| 2. മോൺ. ജോർജ്ജ് മാനാടൻ | - | കപ്ലോൻ എസ്. എൻ. ഡി. എസ്. ജനറലേറ്റ് മുളയം കൂടി; സാധുത 2015 ഫെബ്രുവരി 28 മുതൽ. |
| 3. ഫാ. ബിൽജു വാഴപ്പിള്ളി | - | ഡീൻ ഓഫ് ദി ഫാക്കൽറ്റി തിയോളജി, മേരിമാത മേജർ സെമിനാരി കൂടി; സാധുത 2015 മാർച്ച് 15 മുതൽ. |
| 4. ഫാ. ആന്റോ ചുങ്കത്ത് | - | ലൈബ്രേറിയൻ മേരിമാത മേജർ സെമി |

നാരി കൂടി; സാധുത 2015 മാർച്ച് 15 മുതൽ.

5. ഫാ. ഫ്രാൻസിസ് ആളൂർ - രജിസ്ട്രാർ & കൺട്രോളർ ഓഫ് എക്സാമിനേഷൻസ് മേരിമാത മേജർ സെമിനാരി കൂടി; സാധുത 2015 മാർച്ച് 15 മുതൽ.

6. ഫാ. ജിഫി മേക്കാട്ടുകുളം - വൈസ് റെക്ടർ, മേരിമാത മേജർ സെമിനാരി കൂടി; സാധുത 2015 മാർച്ച് 15 മുതൽ.

7. ഫാ. ചാക്കോ നടക്കവെളിയിൽ - ഡീൻ ഓഫ് ദി ഫാക്കൽറ്റി ഫിലോസഫി, മേരിമാത മേജർ സെമിനാരി കൂടി; സാധുത 2015 മാർച്ച് 5 മുതൽ.

8. ഫാ. അബ്രാഹം നെല്ലിക്കൽ - റസിഡന്റ് പ്രൊഫസർ മേരിമാത മേജർ സെമിനാരി ഒഴിവായി; സാധുത 2015 മാർച്ച് 10 മുതൽ.

9. ഫാ. സെബാസ്റ്റ്യൻ എമ്പ്രയിൽ - റസിഡന്റ് പ്രൊഫസർ മേരിമാത മേജർ സെമിനാരി ഒഴിവായി; സാധുത 2015 ഏപ്രിൽ 1 മുതൽ.

10. ഫാ. ഡൊമിനിക് തലക്കോടൻ - ആക്ടിംഗ് വികാരി അരിമ്പൂർ & കപ്ലോൻ എഫ്. സി. സി. കൂടി; സാധുത 2015 മാർച്ച് 29 മുതൽ.

11. ഫാ. അബ്രാഹം പാലക്കൽ - സഹവികാരി അരണാട്ടുകര ഒഴിവായി; സാധുത 2015 ഏപ്രിൽ 5 മുതൽ.

12. ഡീ. സഞ്ജയ് തൈക്കാട്ടിൽ - ഡീക്കൻ മിനിസ്ട്രി അരണാട്ടുകര; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.

13. ഡീ. ജിയോ ചെറടായി - ഡീക്കൻ മിനിസ്ട്രി അമലനഗർ; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.

14. ഡീ. ജോയ്സൻ ചെറുവത്തൂർ - ഡീക്കൻ മിനിസ്ട്രി ചേർപ്പ്; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.

15. ഡീ. ആന്റണി മേനാച്ചേരി - ഡീക്കൻ മിനിസ്ട്രി ചേറൂർ; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.

16. ഡീ. ജിബിൻ കാന്നാട്ട് - ഡീക്കൻ മിനിസ്ട്രി ചിയ്യാരം വിജയമാത; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.

17. ഡീ. ആൽവിൻ പടിഞ്ഞാറേക്കൂറ്റ് CST - ഡീക്കൻ മിനിസ്ട്രി ചൊവ്വന്നൂർ; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.

18. ഡീ. ജിക്സൺ മാളോക്കാരൻ - ഡീക്കൻ മിനിസ്ട്രി ചിറ്റിലപ്പിള്ളി; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.

19. ഡീ. ആന്റണി യോഹൻ – ഡീക്കൻ മിനിസ്ട്രി കുരിയച്ചിറ; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.
20. ഡീ. സിജോ മുരിങ്ങാത്തേരി – ഡീക്കൻ മിനിസ്ട്രി നെല്ലിക്കുന്ന്; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.
21. ഡീ. സോബിൻ പായിക്കാട്ട് – ഡീക്കൻ മിനിസ്ട്രി ഒല്ലൂർ; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.
22. ഡീ. ലിജോ കരിപ്പാമറ്റത്തിൽ OCarm. –ഡീക്കൻ മിനിസ്ട്രി പെരിഞ്ചേരി; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.
23. ഡീ. നിധിൻ പാലക്കാട്ട് – ഡീക്കൻ മിനിസ്ട്രി പീച്ചി; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.
24. ഡീ. സതീഷ് കാമ്നിക് – ഡീക്കൻ മിനിസ്ട്രി പട്ടിക്കാട്; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.
25. ഡീ. ആൻസൻ നീലങ്കാവിൽ – ഡീക്കൻ മിനിസ്ട്രി പുതുക്കാട്; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.
26. ഡീ. സിന്റോ പൊന്തേക്കൻ – ഡീക്കൻ മിനിസ്ട്രി പടവരാട്; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.
27. ഡീ. ജിയോചിരിയങ്കണ്ടത്ത് – ഡീക്കൻ മിനിസ്ട്രി പറവട്ടാനി; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.
28. ഡീ. ജിതിൻ പീച്ചാട്ട് – ഡീക്കൻ മിനിസ്ട്രി പേരാമംഗലം; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.
29. ഡീ. ജിനോ പൊങ്ങംപാറ CST – ഡീക്കൻ മിനിസ്ട്രി പുത്തൂർ; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.
30. ഡീ. മെൽവിൻ വെള്ളക്കാകുടിയിൽ – ഡീക്കൻ മിനിസ്ട്രി തൈക്കാട്ടുശ്ശേരി; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.
31. ഡീ. അഭിലാഷ് വടക്കേക്കാലിക്കൽ SDV – ഡീക്കൻ മിനിസ്ട്രി വേലൂർ; സാധുത 2015 മാർച്ച് 31 മുതൽ ആഗസ്റ്റ് 31 വരെ.

**8. പ്രത്യേക അനുവാദങ്ങൾ :**

1. Dispensation to Rev. Fr. Johnson Mekkattukulam from the obligations of Priestly Celibacy and from all other obligations of the clerical state connected to Sacred Ordination from the Congregation of Clergy, Rome (Order No. 759/2015).
2. വാണിയമ്പാറ ഇടവകയിൽ പുതിയ മതബോധനഹാൾ നിർമ്മാണത്തിന് അനുവാദം (കല്പനനമ്പർ 611/2015).
3. കോട്ടപ്പടി ഇടവകയിലെ ഓഡിറ്റോറിയം നവീകരണത്തിന് അനുമതി (കല്പനനമ്പർ 612/2015).

4. ചിറ്റിലപ്പിള്ളി ഇടവകയിലെ കല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീകാരം (കല്പനനമ്പർ 613/2015).
5. ചേരുംകുഴി ഇടവകതിരുനാൾദിനമായ മെയ് 1ന് മാംസവർജ്ജനനിയമത്തിൽ നിന്ന് ഒഴിവ് (കല്പനനമ്പർ 614/2015).
6. ചേരുംകുഴി ഇടവകയിലെ മതബോധനഹാൾ ട്രസ് വർക്ക് ചെയ്യുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും അനുവാദം (കല്പനനമ്പർ 615/2015).
7. ചേരുംകുഴി ഇടവകയ്ക്കായി ദാനമായി ലഭിച്ച സ്ഥലത്ത് കുരിശ് സ്ഥാപിക്കുന്നതിനും അതിന് ചുറ്റുമതിൽ പണിയുന്നതിനും അനുവാദം (കല്പനനമ്പർ 616/2015).
8. എടക്കളത്തൂർ ഇടവകയിലെ കല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീകാരം (കല്പനനമ്പർ 617/2015).
9. കുന്ദംകുളം ഇടവകയും സി. എം. സി. ഹോളി ചൈൽഡ് കോൺവെന്റും തമ്മിൽ സ്ഥലകൈമാറ്റത്തിന് അനുവാദം (കല്പനനമ്പർ 618/2015).
10. എളനാട് ഇടവകയിലെ കല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീകാരം (കല്പനനമ്പർ 626/2015).
11. മഞ്ഞക്കുന്ന് ഇടവകപള്ളിയിൽ വി. യൗസേപ്പിതാവിന്റെയും വി. തോമാശ്ലീഹായുടെയും രൂപങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി (കല്പനനമ്പർ 677/2015).
12. ഭരത ഇടവകയുടെ രജതജൂബിലിയോടനുബന്ധിച്ച് കുടുംബകൂട്ടായ്മകളിൽ വി. ബലിയർപ്പിക്കുന്നതിന് അനുവാദം (കല്പനനമ്പർ 678/2015).
13. കുണ്ടുകാട് ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 695/2015).
14. സരിതപുരം ഇടവകയിൽ നേഴ്സറി സ്കൂൾ തുടങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 701/2015).
15. വെണ്ടോർ ഇടവകയിൽ ധ്യാനത്തോടനുബന്ധിച്ച് പ്രത്യേകം ഒരുക്കിയിട്ടുള്ള സ്റ്റേജിൽ വി. ബലിയർപ്പിക്കുന്നതിന് അനുവാദം (കല്പനനമ്പർ 705/2015).
16. പടവരാട് ഇടവകയിലെ പെരുവാംകുളങ്ങര കപ്പേളയുടെ ആശീർവാദകർമ്മത്തോടനുബന്ധിച്ച് അന്നേദിവസം മാത്രം ടി. കപ്പേളയിൽ വി. ബലിയർപ്പിക്കുന്നതിന് അനുവാദം (കല്പനനമ്പർ 742/2015).
17. 'അഭയം പാലിയേറ്റീവ് കെയർ സൊസൈറ്റി' എന്ന പേരിൽ സാന്ത്വനത്തിന്റെ കീഴിൽ പുതിയ സൊസൈറ്റി ആരംഭിക്കുന്നതിന് അനുവാദം (കല്പനനമ്പർ 746/2015).
18. കുരിയച്ചിറ ഇടവകയിലെ ഫാ. ജോസഫ് വടക്കൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ ബൈലോയ്ക്ക് അംഗീകാരം (കല്പനനമ്പർ 755/2015).
19. ഡി. ബി. സി. എൽ. സി. യുടെ ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 756/2015).

**തെരട്ട്**

1. തൃശ്ശൂർ അതിരൂപത സേവ് എ ഫാമിലി പ്ലാനിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 739/2015).
2. തൃശ്ശൂർ അതിരൂപത സോഷ്യൽ ആക്ഷന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 740/2015).
3. തൃശ്ശൂർ അതിരൂപത സോഷ്യൽ സെന്റർ ഹൗസിംഗിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 739/2015).

**9. പ്രത്യേക നിയമനങ്ങൾ :**

**a. Damien Institute**

**Advisory Board**

1. Vicar General in charge of Social Apostolate : V. Rev. Msgr. George Kombara
2. Archeparchial Finance Officer (Procurator) : Rev. Fr. Joy Mookken
3. Parish Priest : Rev. Fr. Shaju Chirayath
4. Rev. Fr. Roy Mookken
5. Rev. Fr. Jickson Thazhath

**Executive Committee**

1. Vicar General in charge of Social Apostolate : V. Rev. Msgr. George Kombara
2. Archeparchial Finance Officer (Procurator) : Rev. Fr. Joy Mookken
3. Parish Priest : Rev. Fr. Shaju Chirayath
4. Rev. Fr. Roy Mookken

**b. St. Euphrasia Archdiocesan Shrine**

**Executive Committee Members**

01. Vicar General, Archdiocese of Trichur **Msgr. George Kombara**
02. Rector, St. Euphrasia Shrine **V. Rev. Fr. Antony Thottan**
03. V. Rev. Fr. Forane Vicar, Ollur **V. Rev. Fr. Noby Ambookken**
04. Vice-Chairperson **Sr. Omer CMC**, Provincial Superior
05. Working Chairperson **Sr. Dr. Jophy CMC**, General Councillor,
06. Secretary **Sr. Rani George CMC**
07. Finance Officer **Sr. Jane Rose CMC**

**Advisory Committee Members**

01. **Msgr. George Kombara,** Vicar General, Archdiocese of Trichur
02. **V. Rev. Fr. Antony Thottan,** Rector, St. Euphrasia Shrine
03. **V. Rev. Fr. Noby Ambookken,** Forane Vicar, Ollur
04. **Sr. Omer CMC,** Provincial Superior, ,  Nirmala Province, Vice-Chairperson
05. **Sr. Dr. Jophy CMC,** General Councillor, Working Chairperson
06. **Sr. Rani George CMC,** Secretary
07. **Sr. Jane Rose CMC,** Finance Officer
08. **Rev. Fr. Geo Kadavi**
09. **Rev. Fr. Joseph Puthukkattil OCD**
10. **Mr. Rainy Moyalan**
11. **Mr. Joshy Vadakkan**
12. **Mrs. Leela Mathew**
13. **Sr. Lilly Grace CMC,** General Councillor
14. **Sr. Rose Mary CMC,** Provincial Superior, Irinjalakuda
15. **Sr. Annie Davis CMC,** Provincial Superior, Angamaly
16. **Fr. Walter Thelappilly CMI,** CRI Representative
17. **Sr. Udaya CHF,** Religious Women Representative
18. **Bro. Jose Chungath MMB,** Religious Men Representative
19. **Adv. Sojan Job,** Lay Representative
20. **Sri. A. J Antony,** Lay Representative from Ollur

**c. SANTHWANAM**

**Executive Committee**

1. മോൺ.ജോർജ്ജ് കോമ്പാറ (ചെയർമാൻ)
2. ഫാ. തോമാസ് പൂപ്പാടി (സെക്രട്ടറി കം ട്രഷറർ)
3. ഫാ. ജോയ് മൂക്കൻ (മെമ്പർ)
4. ഡോ.ജോസ് കല്ലറയ്ക്കൽ (മെമ്പർ)
5. ശ്രീ. പി.ജെ.ജോണി (മെമ്പർ)
6. ശ്രീ. സി.കെ.പോൾ (മെമ്പർ)
7. ശ്രീ. ടോജോ മാത്യൂസ് പി. (മെമ്പർ)
8. ശ്രീ. ലിയോ ലൂയിസ് (മെമ്പർ)

## സീറോ മലബാർ മിഷൻഞായർ

ദനഹാ കഴിഞ്ഞു വരുന്ന ഞായറാഴ്ചയാണ് സീറോ മലബാർ മിഷൻ ഞായർ. അതോടനുബന്ധിച്ച് സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു ഫണ്ട് ശേഖരിക്കാൻ സിനഡ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ അപ്പസ്തോലിക് വിസിറ്റേറ്ററായ അഭിവന്ദ്യ തട്ടിൽ പിതാവാണ് സീറോ മലബാർ മിഷൻ ഫണ്ട് ശേഖരണത്തിന് നേതൃത്വം കൊടുക്കുന്നത്. നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ നിർദ്ദേശമനുസരിച്ച് മെയ് 17 ഞായറാഴ്ചയാണ് മിഷൻ ഫണ്ട് ശേഖരണം നടത്താൻ നിശ്ചയിച്ചിരിക്കുന്നത്. ഈ കാര്യത്തിൽ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. സംഭാവനക്കായുള്ള കവറുകൾ കത്തോലിക്കാസഭ പത്രത്തോടൊപ്പം പള്ളികളിൽ എത്തിക്കുന്നതാണ്.

സീറോ മലബാർ മിഷൻ ഞായറിന്റെ പ്രവർത്തനങ്ങളെ കൂടുതൽ സഹായിക്കുവാൻ അതിരൂപതയിലെ സി. എൽ. സി. അംഗങ്ങൾ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. ബഹു. വികാരിയച്ചന്മാർക്ക് സി. എൽ. സി. അംഗങ്ങളുടെ സഹായം ആവശ്യപ്പെടാവുന്നതാണെന്ന് അറിയിക്കുന്നു.

മിഷൻ ഫണ്ടിലേക്കുള്ള സംഭാവനകൾ 2015 ജൂൺ 15നു മുമ്പായി അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കുമല്ലോ.



**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| | | | |
|---|---|---|---|
| 01 | Fri | Morning | Episcopal Ordination Day: Mass at Lourdes Cathedral church |
| | | | Holy Mass at Marathakkara |
| | | Afternoon | **Church Blessing at Aranattukara** |
| 02 | Sat | Morning | Jubilee Celebration of Mt. Calvary Sisters at Peramangalam |
| | | Evening | Jubilee Celebration & First Holy Communion at Thaikkattussery Convent |
| 03 | Sun | | Pastoral Visit & Jubilee at Kaveed |
| 04 | Mon | Morning | Silver Jubilee Celebration at Assisi Provincial House |
| | | Afternoon | Vestition of St. Martha Sisters at Mannampetta |
| 05 | Tue | Morning | **For the People** |
| 06 | Wed | | Engaged |
| 07 | Thu | Morning | Major Seminarian's Conference at Minor Seminary |
| | | | Meeting with Brothers |
| | | Afternoon | Meeting with All Formators & Curia Members |
| 08 | Fri | After Noon | Office Work |
| | | Evening | Meeting with Second Year Novices at Koorkenchery |
| 09 | Sat | Morning | Priest &Religious Meeting at Shrine Basilica of Our Lady of Dolours |
| | | Afternoon | Vestition of Brothers at Minor Seminary |
| 10 | Sun | | Pastoral Visit: Ammadom |
| 11 | Mon | Morning | Holy Mass at Mannuthy CHF Generalate |
| 12 | Tue | Morning | Death Anniversary of Mar Francis Vazhappilly at Basilica of Our Lady of Dolours |
| 13 | Wed | Morning | **For the People** |
| | | Afternoon | Tribunal Meeting |
| | | Evening | JMMC Trust Meeting |

| | | | |
|---|---|---|---|
| 14 | Thu | Morning | Selection Camp: Holy Mass & Interview at Minor Seminary |
| | | Afternoon | Holy Mass at Chiranellur |
| 15 | Fri | Morning | Curia Meeting**For Priests & Religious** |
| 16 | Sat | Morning | Ordination at Choondal: Dn. Joshy Choondal |
| 17 | Sun | Afternoon | Angelous: St. Joseph School, Kuriachira |
| | | Evening | Conclusion of CLC Diamond Jubilee |
| | | | Parish Day at Perinchery |
| 18 | Mon | | Engaged with Doctrinal Commission of the Synod |
| 19 | Tue | | Curia Meeting; Out |
| 20 | Wed | | **Athiroopatha Dinam** |
| 21 | Thu | | Prayer Day |
| 22 | Fri | | Curia Meeing; Engaged |
| 23 | Sat | | Engaged |
| 24 | Sun | Morning | Holy Mass at Chittissery |
| 25 | Mon | Afternoon | Engaged |
| 26 | Tue | Morning | Curia Meeting |
| | | | **For Priest & Religious** |
| 27 | Wed | Morning | Engaged |
| 28 | Thu | | Consulters' Meeting |
| 29 | Sun | | Curia Meeting; Office Work |
| 30 | Mon | Afternoon | Meeting at DBCLC |
| | | Evening | Holy Mass at Nandipulam |
| 31 | Tue | Morning | Engaged |




| | | | |
|---|---|---|---|
| 01 | FRI | Morning | Holy Qurbana - Samaritan Sisters, Chapter |
| | | | Holy Qurbana -Angamaly, Basilica |
| | | Evening | Chuvannamannu- Presbytery Blessing |
| 02 | SAT | Morning | Aranattukara -First Holy Communion |
| | | Evening | Panamkuttichira- Feast |
| 03 | SUN | Morning | Kuttur- laying the foundation stone of the Catechism Hall |
| | | Evening | Punkunnam- Feast |
| | | | Chapel blessing, Peruvamkulangara- Padavarad |
| | | | Parish Day -Basilica & Cathedral |
| 04 | MON | Morning | Jubilee -Mount Calvary Sisters, Cheroor |
| 05 | TUE | Morning | Basilica- *Samarpithasangamam* |
| | | Afternoon | Jubilee - Holy Qurbana, Cathedral |
| 06 | WED | Morning | Holy Qurbana- Chiyyaram |
| 07 | THU | Morning | Aluva- Convocation Day |
| | | Afternoon | Minor Seminary |
| | | Evening | Parish Day- IJK Dolours |
| 08 | FRI | Morning | Velur- Feast |
| | | Evening | Youth Meet- Don Bosco College, Mannuthy |
| 09 | SAT | Morning | Engandiyur -First Holy Communion |
| | | | Marriage Blessing - Mariapuram |
| | | | Basilica |
| | | Evening | Avittathur |
| | | | Puranattukara-Felicitation Meeting |
| 10 | SUN | Morning | Holy Qurbana - Thannyam |
| | | | Amala Nagar -First Holy Communion |
| | | Evening | Nadathara -Parish Day |
| 11 | MON | Morning | Office work |
| 12 | TUE | Morning | Office work |
| 13 | WED | Morning | Office work |

| | | | |
|---|---|---|---|
| 14 | THU | Morning | Sisters' Conference - St. Paul's Kalamassery |
| | | | Aluva- F.C.C Generalate |
| | | | Mount St. Thomas |
| 15 | FRI | Morning | Mount St. Thomas |
| 16 | SAT | Morning | Mount St. Thomas |
| 17 | SUN | Morning | Thrikkur- First Holy Communion |
| | | Evening | Angelos- 2015 |
| | | | Kiraloor-Meeting |
| 18 | MON | Morning | Engaged |
| 19 | TUE | Morning | Office work |
| 20 | WED | Morning | Palayur- Archdiocesan Day |
| 21-22 | | | Apostolic Visitation-Hydrabad |
| 23 | SAT | Morning | Jubilee -Mattakkara |
| 24 | SUN | Morning | Chittilappilly- laying the foundation stone of the Parish Hall |
| | | Evening | Cherpu-C.L.C Jubilee |
| 25 | MON | Morning | St. Thomas College |
| 26 | TUE | Morning | St. Thomas College |
| 27 | WED | Morning | Basilica - Ministry of deaf and dumb |
| 28 | THU | Morning | St. Thomas College |
| 29 | FRI | Morning | St. Thomas College |
| 30 | SAT | Morning | Varandarappilly- Marriage blessing |
| | | Evening | Kottapady-Chapel blessing |
| 31 | SUN | Morning | Engaged |

# നാളാഗമം

## മാർച്ച്- 2015

2. അഭിവന്ദ്യ താഴത്ത് പിതാവ് എറണാകുളത്തു നടന്ന മറൈൻ ഡ്രൈവ് കൺവെൻഷനിൽ വി. ബലിയർപ്പിക്കുകയും അനുഗ്രഹ പ്രഭാഷണം നൽകുകയും ചെയ്തു.
3. അഭിവന്ദ്യ താഴത്ത് പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ഇന്റർ ചർച്ച് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.
6. അഭിവന്ദ്യ താഴത്ത് പിതാവ് ഡയറക്ടേഴ്സിന്റെ യോഗത്തിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് ഇടുക്കി കത്തീഡ്രൽ ദൈവാലയത്തെ തീർത്ഥകേന്ദ്രമായി പ്രഖ്യാപിക്കുന്നതോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.
7. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. സെന്റ് മേരീസ് കോളേജിൽ നടന്ന എജുക്കേഷൻ കൗൺസിൽ ഫോർ കോളേജ് യോഗത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് പോപ്പ് പോൾ മേഴ്സി ഹോമിൽ നടന്ന വാർഷികയോഗത്തിൽ പങ്കെടുത്തു.
8. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് തോമസ് കോളേജിൽ നടന്ന കത്തോലിക്കാസഭ പ്രമോട്ടേഴ്സ് യോഗത്തിൽ സംബന്ധിച്ചു. ഉച്ചതിരിഞ്ഞ് പട്ടിക്കാട് ഫൊറോനയുടെ ആഭിമുഖ്യത്തിൽ പാലയൂർ തീർത്ഥാടനത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് നടത്തിയ പദയാത്രയുടെ സമാപാനാശീർവാദം നൽകുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു.
9. അതിരൂപതയിൽ ഈ വർഷം തിരുപട്ടം സ്വീകരിച്ച വൈദികരുടെ കൂട്ടായ്മയിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു.
10. അഭിവന്ദ്യ താഴത്ത് പിതാവ് കുറുമാലിൽ നടന്ന നേഴ്സുമാരുടെ ധ്യാനത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.
11. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രൽ, പറവട്ടാനി ഇടവകകളിൽ നടന്ന വാർഷികധ്യാനങ്ങളിൽ അനുഗ്രഹപ്രഭാഷണം നടത്തി.
14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മൈനർ സെമിനാരിയിൽ

വി. ബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് മരത്താക്കര കൺവെൻഷനിൽ സന്ദേശം നൽകി.

15. അഭിവന്ദ്യ താഴത്ത് പിതാവ് പൂത്തറക്കൽ ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

16. അഭിവന്ദ്യ താഴത്ത് പിതാവ് ഫൊറോനവികാരിമാരുടെ യോഗത്തിലും വൈദികസമിതിയോഗത്തിലും പങ്കെടുത്തു.

17. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ എം.ഐ കോൺവെന്റിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് ആബാ റിന്യൂവൽ സെന്ററിന്റെ വാർഷികാഘോഷങ്ങളിൽ പങ്കെടുത്ത് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് മുണ്ടൂർ പള്ളിയിൽ വി. ബലിയർപ്പിച്ച് ശിലാസ്ഥാപനകർമ്മം നടത്തി. വൈകിട്ട് പുല്ലഴി പള്ളിയിൽ വി. യൗസേപ്പിതാവിന്റെ ഊട്ടുതിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി.

20. അഭിവന്ദ്യ താഴത്ത് പിതാവ് കോർപ്പറേറ്റ് എജുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്ന് വിരമിക്കുന്നവരുടെ സെന്റ് -ഓഫ് മീറ്റിംഗിൽ പങ്കെടുത്തു.

21. അഭിവന്ദ്യ താഴത്ത് പിതാവ് സി. ആർ. ഐ. യുടെ നേതൃത്വത്തിൽ ജറുസലെം ധ്യാനകേന്ദ്രത്തില്ഡ നടന്ന സമർപ്പിതസംഗമത്തിൽ പങ്കെടുത്ത് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് കണ്ണാറ പള്ളിയിൽ വി.ബലിയർപ്പിച്ച് ഗ്രോട്ടോ വെഞ്ചിരിച്ചു.

22. അഭിവന്ദ്യ പിതാക്കന്മാർ പാലയൂർ മഹാതീർത്ഥാടനത്തിൽ പങ്കെടുത്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് വൈദികവിദ്യാർത്ഥികൾക്ക് ചെറുപട്ടങ്ങൾ നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് ഡി.ബി. സി.എൽ. സി യിൽ വച്ച് നടത്തുന്ന തിയോളജി കോഴ്സിൽ പങ്കെടുക്കുന്നവർക്ക് ക്ലാസ്സെടുത്തു.

26. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപത ആലോചനസമിതി യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ചിറ്റിശ്ശേരി പള്ളിയിൽ വാർഷികധ്യാനത്തോടനുബന്ധിച്ച് സമാപനസന്ദേശം നൽകി.

27. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് പോൾ ഗുരുകുലത്തിൽ വൈദി കവിദ്യാർത്ഥികളോടൊപ്പം വി. ബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് വൈല ത്തൂർ ഇടവകയിൽ വി. ബലിയർപ്പിക്കുകയും അനുഗ്രഹപ്രഭാ ഷണം നടത്തുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് പട്ടി ക്കാട് സെന്റ് അൽഫോൻസ സ്കൂൾ വാർഷികത്തോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് മീറ്റിംങ്ങിൽ പങ്കെടുത്തു.
29. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ ഓശാന തിരുകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചതി രിഞ്ഞ് ചിറ്റാട്ടുകര ഇടവകയിൽ നടന്ന കൺവെൻഷനിൽ പങ്കെടുത്ത് സന്ദേശം നൽകി.
30. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന വൈദിക സമർപ്പിത വിശുദ്ധീകരണ ദിനത്തിൽ പങ്കെടു ക്കുകയും വി. ബലിയർപ്പിച്ച് വി. മൂറോൻ കൂദാശ ചെയ്യുകയും ചെയ്തു.
31. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത മേജർ സെമിനാരിയിൽ ദിവ്യ ബലിയർപ്പിച്ച് ഡീക്കൻ മിനിസ്ട്രി ഉദ്ഘാടനം ചെയ്തു.

# ആന്റണി തച്ചുപറമ്പിൽ

ചേലക്കര, സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ പതിവുപോലെ ബ. ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ സ്മരണദിനം 27-03-2015 വെള്ളിയാഴ്ച നടന്നു. ജപമാലയ്ക്കും ആരാധനയ്ക്കും ശേഷം വിശുദ്ധ കുർബ്ബാനയും മറ്റു തിരുക്കർമ്മങ്ങളും ഉണ്ടായിരുന്നു. ബ. ജോൺ പോൾ ചെമ്മണ്ണൂരച്ചനാണ് ദിവ്യബലിക്ക് നേതൃത്വം കൊടുത്തത്.

വിശ്വാസത്തിന്റെ ശക്തിയും പ്രസക്തിയും കുർബ്ബാന മദ്ധ്യേയുള്ള പ്രസംഗത്തിൽ അച്ചൻ ഊന്നിപ്പറഞ്ഞു. ആബേൽ സമർപ്പിച്ചത് യഹോവയിങ്കലുള്ള പൂർണ്ണസമർപ്പണമായിരുന്നു. ഊനമില്ലാത്തതും ഏറ്റവും മികച്ചതും പ്രിയപ്പെട്ടതും എന്റെ ദൈവത്തിന് എന്ന കാഴ്ചപ്പാട് ആബേലിന്റെ സമർപ്പണത്തെ ദൈവപ്രീതിക്ക് കാരണമാക്കി. ദൈവദാസൻ തച്ചുപറമ്പിലച്ചനും തന്റെ ജീവിതവും സമ്പത്തും പ്രാപ്തിയും ഈ കാഴ്ചപ്പാടിൽ തന്നെയാണ് ദൈവത്തിന് സമർപ്പിച്ചത്.

അബ്രാഹത്തിന്റെ യഹോവയിങ്കലുള്ള വിധേയത്വവും അനുസരണവും വിശ്വാസവും ചോദ്യം ചെയ്യപ്പെടാത്ത സമർപ്പണവും അദ്ദേഹത്തെ ഒരു ജനതയുടെ പിതാവാക്കി മാറ്റി. ഇവിടെ ജാതിമതവ്യത്യാസങ്ങൾ മറന്നുകൊണ്ട് ഒരു ജനത തച്ചുപറമ്പിലച്ചന്റെ നേതൃത്വം അംഗീകരിച്ചു. അവർക്ക് അച്ചൻ സമുദായ പരിഷ്കർത്താവും പുണ്യവാനും ആയിരുന്നു. ചേലക്കര സർക്കാർ ആശുപത്രിയുടെ പുനരുദ്ധാരണത്തിലും തിരുക്കുടുംബമഠസ്ഥാപനത്തിലും വിദ്യാലയ നടത്തിപ്പിലും സംശയങ്ങൾ അകന്നവരായി നേതാക്കന്മാരടക്കം അച്ചനെ പിഞ്ചെന്നു. അതുകൊണ്ടാണ് പഴമക്കാരുടെ അധരങ്ങളിൽ നിന്ന് പുതുതലമുറ അച്ചനെക്കുറിച്ചുള്ള സദ്വാർത്ത ഏറ്റുപറയുന്നത്.

മത്താ. 25:40-ാം വാക്യം - സത്യമായി ഞാൻ നിങ്ങളോട് പറയുന്നു എന്റെ ഏറ്റം എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത് - ഈ തിരുവചനം തന്റെ ജീവിതത്തിൽ മാംസം ധരിക്കാൻ ദൈവദാസൻ ആമേൻ പറഞ്ഞു. അതാണ് ദൈവതിരുമുമ്പിലെ വാസസ്ഥാനത്തിലേയ്ക്ക് അച്ചന് ആയിരിക്കാൻ കഴിയുന്നത്.

കുർബ്ബാനയ്ക്കുശേഷം കല്ലറയിങ്കൽ ഒപ്പീസും തുടർന്ന് പതിവുപോലെ ഊട്ടുശുശ്രൂഷയും നടന്നു.

**Fr. Paul Pulikkan**

(Postulator)

# സാമ്പത്തിക കാര്യാലയം

## 1. സി.എ. ഓഡിറ്റ്

2015 ഏപ്രിൽ മുതൽ പുതിയ സാമ്പത്തിക വർഷം ആരംഭിക്കുന്നു. 2014-2015 വർഷത്തെ കണക്കുകൾ മെയ് 25-ാം തിയ്യതി മുതൽ ആർച്ച് ബിഷപ്പ്സ് ഹൗസിൽവെച്ച് സി.എ. ഓഡിറ്റ് നടത്തുന്നു. താഴെ കൊടുത്തിരിക്കുന്ന സമയക്രമം ഏവരും പാലിക്കുമല്ലോ. ഇനിയും ഏതെങ്കിലും ഇടവകകൾ ബിഷപ്പ്സ് ഹൗസിൽവെച്ച് സി.എ. ഓഡിറ്റ് നടത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ മെയ് 10-ാം തിയ്യതിക്കുമുമ്പ് ഫൈനാൻസ് ഓഫീസിൽ അറിയിക്കുവാൻ താത്പര്യപ്പെടുന്നു.

| പള്ളി | തിയ്യതി | സമയം |
|---|---|---|
| 1. പെരുവല്ലൂർ | മെയ് 25 | 09.30 am. |
| 2. പുല്ലഴി | മെയ് 25 | 09.30 am. |
| 3 കൊളങ്ങാട്ടുകര | മെയ് 25 | 09.30 am. |
| 4. പഴുവിൽ | മെയ് 25 | 02.00 pm. |
| 5. കാവീട് | മെയ് 25 | 02.00 pm. |
| 6. പുറനാട്ടുകര | മെയ് 26 | 09.30 am. |
| 7. അടാട്ട് | മെയ് 26 | 09.30 am |
| 8. പങ്ങാരപ്പിള്ളി | മെയ് 26 | 09.30 am |
| 9. തിരുവില്വാമല | മെയ് 26 | 02.00 pm. |
| 10. പേരകം | മെയ് 26 | 02.00 pm. |
| 11. പഴയന്നൂർ | മെയ് 26 | 02.00 pm. |
| 12. മനക്കൊടി | മെയ് 27 | 09.30 am |
| 13. വീണ്ടശ്ശേരി | മെയ് 27 | 09.30 am |
| 14. നെഹ്റു നഗർ | മെയ് 27 | 09.30 am |
| 15. ഏങ്ങണ്ടിയൂർ | മെയ് 27 | 02.00 pm. |
| 16. പാലയ്ക്കൽ | മെയ് 27 | 02.00 pm. |
| 17. വാക | മെയ് 28 | 09.30 am |
| 18. വരവൂർ | മെയ് 28 | 09.30 am |
| 19. ആറ്റുപുറം | മെയ് 28 | 09.30 am |
| 20. പുതുരുത്തി | മെയ് 28 | 02.00 pm. |
| 21. പുത്തൻ പീടിക | മെയ് 28 | 02.00 pm. |

22. മുറ്റിച്ചൂർ ............ മെയ് 28 ............ 02.00 pm.
23. നോർത്ത് പുതുക്കാട് ............ മെയ് 29 ............ 09.30 am
24. ആളൂർ ............ മെയ് 29 ............ 09.30 am
25. കിഴക്കേ ആളൂർ ............ മെയ് 29 ............ 09.30 am
26. കിള്ളിമംഗലം ............ മെയ് 29 ............ 02.00 pm.
27. മണലൂർ വെസ്റ്റ് ............ മെയ് 29 ............ 02.00 pm.
28. പെരിഞ്ചേരി ............ ജൂൺ 1 ............ 09.30 am
29. ചിറ്റാട്ടുകര ............ ജൂൺ 1 ............ 09.30 am
30 പുതുശ്ശേരി ............ ജൂൺ 1 ............ 09.30 am
31. സരിതപുരം ............ ജൂൺ 1 ............ 02.00 pm.
32. തൊയക്കാവ് ............ ജൂൺ 1 ............ 02.00 pm.
33. പുങ്കുന്നം ............ ജൂൺ 2 ............ 09.30 am
34. അരിമ്പൂർ ............ ജൂൺ 2 ............ 09.30 am
35. കണ്ടാണശ്ശേരി ............ ജൂൺ 2 ............ 09.30 am
36. ഒരുമനയൂർ ............ ജൂൺ 2 ............ 02.00 pm.
37. പെരിങ്ങോട്ടുകര ............ ജൂൺ 2 ............ 02.00 pm.
38. തൈക്കാട്ടുശ്ശേരി ............ ജൂൺ 3 ............ 09.30 am
39. എരനെല്ലൂർ ............ ജൂൺ 3 ............ 09.30 am
40. വാടാനപ്പിള്ളി ............ ജൂൺ 3 ............ 09.30 am
41. വില്ലടം ............ ജൂൺ 3 ............ 02.00 pm
42. ആറംമ്പിള്ളി ............ ജൂൺ 3 ............ 02.00 pm

## 2. വരവ്–ചെലവ് കണക്കുകൾ – മാർച്ച് 31, 2015

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | ഞായർ പിരിവ് |
|---|---|---|---|---|---|
| 1. | അത്താണി | – | – | 30011 | – |
| 2. | ആർത്താറ്റ് | – | 10000 | 57000 | – |
| 3. | ചിറക്കാക്കോട് | – | – | 13850 | – |
| 4. | കാരമുക്ക് നോർത്ത് | 4772.50 | – | 12000 | – |
| 5. | കൂട്ടാല | – | 5340 | – | – |
| 6. | നിർമ്മലപുരം | – | – | 25926 | – |
| 7. | പറപ്പൂർ | – | 48810 | 71062 | – |
| 8. | പറവട്ടാനി | 13318 | 22200 | 54866 | – |

| | | | | |
|---|---|---|---|---|
| 9. പട്ടിക്കാട് | - | - | 13000 | - |
| 10. പൊന്നൂക്കര | - | - | 52170 | - |
| 11. പൊറത്തൂർ | - | - | 6685 | - |
| 12. തൃശ്ശൂർ ബസിലിക്ക | - | - | 68150 | - |
| 13. സെ. മേരീസ് കോളേജ്, തൃശ്ശൂർ | - | - | 4000 | - |
| 14. സെ. മേരീസ് മൈനർ സെമിനാരി മഡോണനഗർ | | - | 125000 | - |
| 15. അസ്സീസി മഠം, തൃശ്ശൂർ | - | - | - | 200 |
| 16. സെ. മേരീസ് മഠം, തൃശ്ശൂർ | - | - | - | 3650 |
| 17. സെ. സേവ്യർ മഠം, ചേറൂർ | - | - | - | 2000 |

**3. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

പുത്തൂർ - 5000
കൊട്ടേക്കാട് - 5000
കൂട്ടാല - 5000

**4. സാമ്പത്തിക സഹായം സ്വീകരിച്ച പള്ളികൾ**

1. ട്രിനിറ്റി മേഖല, ഒല്ലൂർ - 1,00,000

**5. അതിരൂപതാ സഹായ ഫണ്ട്**

1. വിവാഹം - 96,000
2. വിദ്യാഭ്യാസം - 11,000
3. ഭവന നിർമ്മാണം - 33,000
4. ചികിത്സ - 62500

**6. സാമ്പത്തിക കാര്യാലയത്തിന്റെ E-mail. ID.**

***procuratortcr@gmail.com***

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് കരിപ്പേരി | 01 |
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 03 |
| ഫാ. ജോൺ മൂലൻ | 03 |
| ഫാ. രാജു അക്കര | 04 |
| ഫാ. ജെയ്സൻ മാറോക്കി | 04 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 04 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 05 |
| ഫാ. ജോസഫ് വൈക്കാടൻ | 05 |
| ഫാ. സെബാസ്റ്റ്യൻ പെരൂട്ടിൽ | 07 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 07 |
| ഫാ. പോൾ പേരാമംഗലത്ത് | 08 |
| ഫാ. സിന്റോ തൊറയൻ | 08 |
| ഫാ. ജോജു പനക്കൽ | 11 |
| ഫാ. ലൂവീസ് ചാലക്കൽ | 13 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 14 |
| ഫാ. പോൾ തേക്കാനത്ത് | 14 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 15 |
| ഫാ. ആന്റണി അമ്മുത്തൻ | 15 |
| ഫാ. മാത്യു വെട്ടത്ത് | 15 |
| ഫാ. ജോബ് പടയാട്ടിൽ | 16 |
| ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. റാഫേൽ മുത്തുപീടിക | 19 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ടോണി അരിമ്പൂർ | 21 |
| ഫാ. ജോസ് എടക്കളത്തൂർ | 21 |
| ഫാ. സിന്റോ പൊറത്തൂർ | 21 |
| ഫാ. പോൾ കാട്ടൂക്കാരൻ | 21 |
| ഫാ. അലക്സ് മരോട്ടിക്കൽ | 25 |
| ഫാ. ജോൺ ചെമ്മണ്ണൂർ | 27 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 27 |

| | |
|---|---|
| ഫാ. പോൾ മാറോക്കി | 28 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 29 |
| ഫാ. സൈജോ തൈക്കാട്ടിൽ | 29 |
| ഫാ. ഡെന്നി ചിറയത്ത് | 30 |
| ഫാ. മേജോ മരോട്ടിക്കൽ | 30 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 31 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജെൽസ് ചേറ്റുപുഴക്കാരൻ | 01 |
| ഫാ. ജോസ് പുലിക്കോട്ടിൽ | 01 |
| ഫാ. ജോസഫ് വൈക്കാടൻ | 01 |
| ഫാ. ജോബി പുത്തൂർ | 01 |
| ഫാ. ജോസ് ചിറ്റിലപ്പിള്ളി | 01 |
| ഫാ. ജോസ് തത്രത്തിൽ | 01 |
| ഫാ. ജേക്കബ് ചെറയത്ത് | 03 |
| ഫാ. ഡൊമിനി ചാഴൂർ | 06 |
| ഫാ. ഡൊമിനിക് തലക്കോടൻ | 06 |
| ഫാ. സാവിയോ (ടിന്റോ) തലോണിക്കര | 06 |
| ഫാ. സൈജൻ വാഴപ്പിള്ളി | 10 |
| ഫാ. ജോയ് കിടങ്ങൻ | 16 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 16 |

**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. എരിഞ്ഞേരി മാർസെലിനിയോസ് | 12-05-1892 |
| ഫാ. അമ്പൂക്കൻ യോഹന്നാൻ | 09-05-1929 |
| ഫാ. ചീരമ്പൻ പൊറിഞ്ചു | 07-05-1933 |
| ഫാ. ചെറയത്ത് ഔസേപ്പ് | 10-05-1936 |
| ഫാ. ആലപ്പാട്ട് ജോൺ | 07-05-1944 |
| മോൺ. എടക്കളത്തൂർ മാത്യു | 20-05-1947 |
| ഫാ. അമ്പൂക്കൻ അഗസ്റ്റിൻ | 16-05-1951 |
| മോൺ. പുതുശ്ശേരി ആന്റണി | 25-05-1957 |
| ഫാ. പാലയൂർ ജോർജ്ജ് | 27-05-1958 |

| | |
|---|---|
| ഫാ. അക്കര ജോൺ | 09-05-1963 |
| ഫാ. അറക്കൽ ജേക്കബ് | 13-05-1965 |
| ഫാ. പാറനിലം ജോസഫ് | 29-05-1970 |
| ഫാ. വടക്കൂട്ട് ജേക്കബ് | 19-05-1971 |
| ഫാ. താണിക്കൽ മാത്യു | 13-05-1972 |
| ഫാ. തെക്കിനിയത്ത് ആന്റണി (സീനിയർ) | 05-05-1976 |
| ഫാ. വലിയവീട്ടിൽ ജോർജ്ജ് | 10-05-1976 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 20-05-1979 |
| ഫാ. വേഴപറമ്പിൽ ജേക്കബ് | 10-05-1981 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 15-05-1989 |
| ഫാ. മഞ്ഞളി പോൾ (സീനിയർ) | 11-05-1995 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 31-05-1996 |
| ഫാ. പെല്ലിശ്ശേരി ആന്റണി | 23-05-1999 |
| ഫാ. ആളൂർ ജെയിംസ് | 17-05-2009 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 13-05-2010 |
| ഫാ. പോൾ പുതുശ്ശേരി | 18-05-2011 |

## അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

01.03.2015 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് പ്രൊവിൻഷ്യൽ പ്ലീനറി മീറ്റിംങ്ങ് നടന്നു.

സി.എസ്.എസ്. സമരിറ്റൻ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകപിതാവ് പെ. ബഹു. മോൺ. പോൾ ചിറ്റിലപ്പിള്ളിയുടെ 34-ാം ചരമ വാർഷികം, മണ്ണുത്തിയിലുള്ള സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ആഘോഷിച്ചു. വിവിധ ഭവനങ്ങളിൽനിന്നുള്ള സിസ്റ്റേഴ്സ്, സ്ഥാപകപിതാവിന്റെ ജീവിതത്തെ ആസ്പദമാക്കി സ്കിറ്റ് അവതരിപ്പിച്ചു.

03.03.2015 എഫ്.സി.സി. ലിറ്റിൽ ഫ്ളവർ കോളേജ് നാഷണൽ അസസ്മെന്റ് ആൻഡ് അക്രിഡിറ്റേഷൻ കൗൺസിലിന്റെ (NAAC) ഗ്രെയ്ഡിംഗിൽ 3.52 ക്യുമുലേറ്റീവ് ഗ്രെയ്ഡ് പോയിന്റോടെ A ഗ്രേഡ് നേടി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 3-ാം സ്ഥാനത്തെത്തി. കോളേജിന്റെ മാനേജരും പ്രൊവിൻഷ്യൽ സുപ്പീരിയറുമായ സി. റോസ് അനിത കോളേജിൽ സംഘടിപ്പിച്ച പത്രസമ്മേളനത്തിൽ പങ്കെടുത്തു.

എസ്.എ.ബി.എസ്. മധ്യപ്രദേശിലുള്ള സാഗർ രൂപതയിലെ 'ദയാസാഗർ' ഭവനത്തിൽ ഔദ്യോഗിക സന്ദർശനത്തിനായി മദർ ലിറ്റിൽ മരിയ തെക്കേക്കര പോയി.

സി.എസ്.എം. CSMലെ നോവീസസിനും റീജൻസികാർക്കും സമർപ്പിത വർഷത്തോടനുബന്ധിച്ച് ബഹു. ഫാ. കുര്യൻ ജേക്കബ് ക്ലാസ് നടത്തി.

07.03.2015 സി.എച്ച്.എഫ്. പുതിയതായി ചാർജ്ജെടുത്ത കൗൺസിൽ ടീമിന് ജനറലേറ്റിൽ സ്വീകരണം നൽകി.

എഫ്.സി.സി. തൃശൂർ അസ്സീസി പ്രോവിൻസിൽ എല്ലാ ഭവനങ്ങളിലും നോമ്പുകാല പരിഹാരദിനം ആചരിച്ചു.

എസ്.എ.ബി.എസ്. വിയ്യൂർ ജയിലിലും ജുവനൈൽ ഹോമിലും മദ്യം മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യഫലങ്ങളെ കുറിച്ച് സി.പാസി ബോധവത്ക്കരണ ക്ലാസ് നൽകി.

08.03.2015 സി.എം.സി. പ്രൊവിൻഷ്യൽ സുപ്പീരിയറിന്റെ അച്ചനും, സി. ഓൾറിക്കിന്റെ ആങ്ങളയും മരിച്ചതറിഞ്ഞ് പ്രൊവിൻഷ്യൽ

കൗൺസിലേഴ്സ് അവരുടെ വീട്ടിൽപോയി പ്രാർത്ഥിച്ച് അനുശോചനം അറിയിച്ചു.

സി.എസ്.എസ്. സ്ഥാപകപിതാവിന്റെ ഭൗതീകശരീരം അടക്കം ചെയ്തിരിക്കുന്ന പുല്ലൂർ സേക്രഡ് ഹാർട്ട് മിഷൻ ഹോസ്പിറ്റലിൽ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് അനുസ്മരണാബലി അർപ്പിച്ചു.

എഫ്.സി.സി. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സി. റോസ് അനിതയുടെ നേതൃത്വത്തിൽ നടന്ന ഫോർമേഷൻ കമ്മിറ്റി മീറ്റിംഗിൽ മിസ്ട്രസ്സുമാർ, സ്റ്റാഫംഗങ്ങൾ എന്നിവർ സംബന്ധിച്ചു.

എഫ്.സി.സി. മാർച്ച് 8-ാം തീയതി 2.30 pm ന് അസ്സീസിയിൽ ഫ്രാൻസിസ്കൻ അത്മായ മൂന്നാം സഭയുടെ ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് നടന്നു.

09.03.2015 സി.എസ്.എം. Bro. Philip M.M.B. യുടെ സംസ്ക്കാര ചടങ്ങിൽ ബഹു. അമ്മയും ബഹു. പ്രൊവിൻഷ്യലും സിസ്റേറഴ്സും സംബന്ധിച്ചു.

10.03.2015. സി.എച്ച്.എഫ്. മണ്ണുത്തി ജനറലേറ്റിൽ ഓർഗനൈസ്ഡ് ജൂനിയറേറ്റ് കോഴ്സ് പൂർത്തിയാക്കി സിസ്റ്റേഴ്സ് അതതു പ്രോവിൻസുകളിലേയ്ക്ക് തിരിച്ചുപോയി.

സി.എസ്.എം. സുപ്പീരിയർ ജനറൽ സി.ജിയോ മരിയ സാഗർ, ഭോപ്പാൽ, എന്നീ മിഷ്യൻ ഹൗസുകളിൽ കാനോനിക സന്ദർശനം നടത്തി.

12.03.2015 സി.എസ് എസ്. സ്ഥാപകപിതാവിന്റെ ചരമ വാർഷിക ദിനത്തിൽ മണ്ണുത്തിയിലുള്ള സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് റവ. മോ. ജോർജ്ജ് എടക്കളത്തൂർ അനുസ്മരണാബലി അർപ്പിച്ചു.

13.03.2015. സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി. മേഴ്സി പോളും സിസ്റ്റേഴ്സും, എൽത്തുരുത്ത് CMI ആശ്രമത്തിൽ നടത്തിയ 40 മണിക്കൂർ ആരാധനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു.

14.03.2015. സി.എച്ച്.എഫ്. ഈ വർഷം നിത്യവ്രതാർപ്പണം ചെയ്യുന്ന സിസ്റ്റേഴ്സിനുള്ള കോഴ്സ് തുമ്പൂർ മഠത്തിൽ ആരംഭിച്ചു.

സി.എം.സി. പെട്ടെന്നുണ്ടായ അസുഖത്തെ തുടർന്ന്

ഹോസ്പിറ്റലിൽ അഡ്മിറ്റാക്കിയ സി. ക്ലിയോപാട്രയ്ക്ക് വേണ്ടി എല്ലാ മഠങ്ങളിലും പ്രത്യേകം പ്രാർത്ഥനകൾ നടത്തി.

സി.എം.സി. എല്ലാ സുപ്പീരിയേഴ്സിനുമായി പത്ത് ദിവസത്തെ കോഴ്സ് പരിയാരം CSR ൽ വച്ച് നടത്തുകയും ഒരാഴ്ചക്കുശേഷം പുത്തൻ ഉണർവ്വോടെ തങ്ങളുടെ മഠങ്ങളിലേക്ക് അവർ തിരിച്ചുപോകുകയും ചെയ്തു.

16.03.2015 എസ്.എ.ബി.എസ്. സി.ആലീസ് ഞാളിയത്ത് SABS, ആസ്പിരൻസിനായി 3 ദിവസത്തെ ധ്യാനം നയിച്ചു.

സി.എസ്.എം. അസി. പ്രൊവിൻഷ്യൽ സി.മെറിൻ, സി.മോളി, സി.ജാസ്മിൻ എന്നിവർ കോട്ടയത്തുവെച്ച് നടത്തിയ 4 ദിവസത്തെ vocation courseൽ പങ്കെടുത്തു.

19.03.2015 എഫ്.സി.സി. 2015 മേയ് മാസത്തിൽ നിത്യവ്രതം ചെയ്യുന്ന ജൂനിയർ സിസ്റ്റേഴ്സിന് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഇന്റർവ്യൂ നടത്തി. തുടർന്ന് 40 ദിവത്തെ ധ്യാനത്തിൽ സംബന്ധിക്കുന്നതിനായി അവർ ഒക്കലിലേക്ക് പോയി.

21.03.2015 കേരള കത്തോലിക്കാ ബിഷപ്സ് കോൺഫ്രൻസിന്റേയും (KCBC) KCMS ന്റേയും നേതൃത്വത്തിൽ ജറുസലേം ധ്യാനകേന്ദ്രത്തിൽ വച്ച് തൃശൂർ, പാലക്കാട്, ഇരിഞ്ഞാലക്കുട, കോട്ടപ്പുറം, സുൽത്താൻപേട്ട എന്നീ അതിരൂപതാ/ രൂപതകളിൽപ്പെട്ട മുഴുവൻ സമർപ്പിതരേയും ഒരുമിപ്പിച്ചുകൊണ്ട് നടത്തിയ ഒരു ദിവസത്തെ കൺവെൻഷനിൽ (കാദോഷ് ഫെസ്റ്റ്) എല്ലാ സമർപ്പിത സമൂഹങ്ങളിൽ നിന്നുമുള്ളവർ പങ്കെടുത്തു.

22.03.2015. സി.എച്ച്.എഫ്. ജനറൽ പ്രൊവിൻഷ്യൽ ടീം ധോണി മരിയൻ ധ്യാനകേന്ദ്രത്തിൽ ഒരാഴ്ച്ചത്തെ ധ്യാനത്തിൽ പങ്കെടുത്തു.

എസ്.എ.ബി.എസ്. ധോണിയിലെ മരിയൻ ധ്യാനകേന്ദ്രത്തിൽ നടന്ന ഒരാഴ്ചത്തെ ധ്യാനത്തിൽ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു.

എഫ്.സി.സി. അസ്സീസി പ്രോവിൻഷ്യൽ ഹൗസിൽ വെച്ച് ജനറൽ ആനിമേറ്റേഴ്സിന്റെ നേതൃത്വത്തിൽ 22 മുതൽ 28 വരെ ഫിയാത്ത് ധ്യാനം നടന്നു.

അതിരൂപതയുടെ നേതൃത്വത്തിൽ നടത്തിയ പാലയൂർ മഹാതീർത്ഥാടനത്തിൽ വിവിധ സമർപ്പിത സമൂഹങ്ങളിൽ നിന്നുമുള്ളവർ പങ്കെടുത്തു.

23.03.2015 സി.എസ്.എം. നോർത്ത് പ്രൊവിൻസിന്റെ ഒരാഴ്ചത്തെ vocation ക്യാംപിൽ വിവിധ ഇടവകകളിൽനിന്ന് 17 കുട്ടികൾ പങ്കെടുത്തു.

സി.എസ്.എം. കൂനത്തറ ആശാദീപം School (MRI) Annual Sports Meetൽ ബഹു. പ്രൊവിൻഷ്യൽ സി. ബിയാട്രിസ് ആശംസകളർപ്പിച്ച് സംസാരിച്ചു.

24.03.2015 എഫ്.സി.സി. അസ്സീസി പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലേക്കും സിസ്റ്റേഴ്സിന്റെയും വീടുകളിലേക്കും ഇടവകകളിലേയ്ക്കും അർബുദരോഗത്തിന്റെ ഔഷധമെന്ന് അറിയപ്പെടുന്ന 'പറുദീസച്ചെടി' അഥവാ 'ലക്ഷ്മിത്തരു' വിതരണം ചെയ്തു.

25.03.2015 സി.എസ്.എസ്. സന്യാസിനീ സമൂഹത്തിന്റെ പ്രഥമ മദ്ധ്യസ്ഥയായ മംഗളവാർത്താ മാതാവിന്റെ തിരുനാൾ ദിനത്തിൽ സമൂഹം ഒരുമിച്ച് വ്രതനവീകരണം നടത്തി. മൂന്നു പോസ്റ്റുലൻസ് അന്നേദിവസം കാനോനിക്കൽ നോവീഷ്യേറ്റിൽ പ്രവേശിച്ചു.

എസ്.എ.ബി.എസ്. ആരാധനാ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകൻ, ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ, ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളി മദ്ബഹയിലെ കബറിടം, തൊട്ടടുത്തുള്ള മർത്താ മറിയം പള്ളിയിലേക്ക് മാറ്റി സ്ഥാപിക്കുന്ന ചടങ്ങിൽ സി. മേരി പാലമറ്റം, സി.സുമ തെരേസ് പെരേപ്പാടൻ, സി.ജിൻസ ആൻ കണ്ണംപടത്തി എന്നിവർ സംബന്ധിച്ചു.

26.3.2015 സി.എം.സി. ക്രൈസ്തവർക്കെതിരെ നടമാടുന്ന പീഡനങ്ങളിൽ ശക്തി ലഭിക്കുന്നതിനും അക്രമം അവസാനിപ്പിക്കുന്നതിനുമായി എല്ലാ സി.എം.സി മഠങ്ങളിലും വി.ബലി അർപ്പിക്കുകയും ഉപവാസ പ്രാർത്ഥനായജ്ഞം നടത്തുകയും ചെയ്തു.

27.03.2015 എസ്.എ.ബി.എസ്. മാർച്ച് 27 മുതൽ ഏപ്രിൽ 1 വരെ വിയ്യൂർ സെൻട്രൽ ജയിലിലും മറ്റു ജയിലുകളിലും സി.പാസിയും ഡിവൈനിലെ ബ്രദർ വിൽസ പോളും ജീവിതനവീകരണ ധ്യാനത്തിന് നേതൃത്വം നൽകി. സി. ഷാൻ മരിയ പാല്യേക്കര, സി. ജെസ് തെരേസ് തേയ്ക്കാനത്ത്, സി. ലിസ് തെരേസ്

കാളൻ എന്നിവർ കൗൺസിലിംഗ് നടത്തി.

28.3.2015 സി.എം.സി. പ്രൊവിൻഷ്യൽ പ്ലീനറി മീറ്റിങ്ങ് 2 p.m മുതൽ 6 p.m വരെ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.

29.03.2015. സി.എച്ച്.എഫ്. ഒളരിക്കര വി.ചെറുപുഷ്പ ദേവാലയത്തിൽ വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ആഘോഷദിനത്തിൽ നടന്ന വാർഷിക പൊതുയോഗത്തിൽ നവജ്യോതി പ്രൊവിൻഷ്യൽ ബ. സി. മേഴ്സി പോൾ ദത്തുകടുംബങ്ങൾക്കുള്ള ഉപഹാരം നൽകി ആശംസകളർപ്പിച്ച് സംസാരിച്ചു.

30.30.2015 എസ്.എ.ബി.എസ്. സമർപ്പിത വിശുദ്ധീകരണ ദിനത്തോടനുബന്ധിച്ച് ലൂർദ്ദ് കത്തീഡ്രലിൽ നടന്ന സമർപ്പിതരുടെ പ്രാർത്ഥനാ കൂട്ടായ്മയിലും അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിലും സിസ്റ്റേഴ്സ് സംബന്ധിച്ചു.

സി.എം.സി. സ്പോക്കൺ ഇംഗ്ലീഷ് കോഴ്സ്, personality development എന്നിവക്കായി കാന്റിഡേറ്റ്സ് ഒരുമാസം ദേവമാതാ പബ്ലിക് സ്കൂളിൽ പോകുകയും നല്ല Performance കാഴ്ചവക്കുകയും ചെയ്തു.

സി.എച്ച്.എഫ്. സമർപ്പിത വിശുദ്ധീകരണ ദിനത്തോടനുബന്ധിച്ച് തൃശ്ശൂർ ലൂദ്ദ് കത്ത്രീഡൽ ദേവാലയത്തിൽ നടത്തിയ പരിപാടികളിൽ നവജ്യോതി പ്രോവിൻസിലെ ഭവനങ്ങളിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു.

31.30.2015 സി.എസ്.എം. Final Profession നുള്ള സിസ്ററേഴ്സും, First Profession നുള്ള നോവിസും ഒരുമാസത്തെ course-ൽ പ്രവേശിച്ചു.

**ആദരാജ്ഞലികൾ**



04.03.2015 എഫ്.സി.സി. അമല മേരി റാണി ഭവനാംഗമായ സി. സെർബോണിയ മാർച്ച് 4-ാം തീയതി മരണമടഞ്ഞു. 5-ാം തീയതി തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തുപിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മുണ്ടൂർ സെന്റ്

ഫ്രാൻസീസ് മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ മൃതദേഹം സംസ്കരിച്ചു.



17.03.2015 സി. എം. സി. ഒല്ലൂർ ഫാറ്റിമ കോൺവെന്റിലെ സി. ഫിലോ അന്ത്യകൂദാശകൾ സ്വീകരിച്ച് നിര്യാതയായി. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



20.03.2015 എഫ്.സി.സി. പൊറത്തൂർ ഹോളി ക്രോസ് ഭവനാംഗമായ സി. മാർഗ്ഗരറ്റ് പുത്തൂർ മാർച്ച് 20-ാം തീയതി പുലർച്ചെ 1. 45 ന് മരണമടഞ്ഞു. അന്നുതന്നെ തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തുപിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ പൊറത്തൂർ ഹോളി ക്രോസ് മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ മൃതദേഹം സംസ്കരിച്ചു.



29.3.2015 സി.എം.സി. പുതുക്കാട് കോൺവെന്റിലെ സി. അനനിയാസ് അന്ത്യകൂദാശകൾ സ്വീകരിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.

സി.ആർ.ഐ.സെക്രട്ടറി

**സി.ജോസഫൈൻ പാലത്തിങ്കൽ SABS**

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

അവധിക്കാലം ആഘോഷിക്കുമ്പോൾ ഏറ്റവും വലിയ ആഘോഷമായ വി. കുർബ്ബാനയിൽ പങ്കെടുക്കാൻ മറക്കരുതേ.... കൂടുതൽ നന്മയിൽ വളർന്ന്, നന്മയിൽ പരിലസിച്ച് ഈ അവധിക്കാലം സഫലമാകട്ടെ

എല്ലാവർക്കും സന്തോഷം നിറഞ്ഞ അവധിക്കാലം ആശംസിക്കുന്നു.

**1. Forane Level Half Day Seminar**

ഞായറാഴ്ച മതബോധന അദ്ധ്യാപകർക്കുള്ള അർദ്ധദിന സെമിനാർ ഫൊറോനതലത്തിൽ മെയ് 31-ന് ഉച്ചകഴിഞ്ഞ് നടത്തുന്നതാണ്. എല്ലാ മതാദ്ധ്യാപകരും സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ **Forane Promoter**-ൽ നിന്നും ലഭിക്കും.

**2. HMs' Seminar & Conference – May 24, Sunday**

സെമിനാർ 9.30 AM ന് ആരംഭിക്കുന്നതാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായി പങ്കെടുക്കേണ്ടതാണ്. വി. കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

**3. Address of HM**

ഏതെങ്കിലും യൂണിറ്റിൽ HM മാറിയിട്ടുണ്ടെങ്കിൽ മെയ് 20 -ന് മുമ്പ് പുതിയ HM-ന്റെ Address & Ph. No. മതബോധനകേന്ദ്രത്തിൽ ലഭിച്ചിരിക്കണം.

**4. പുതിയ അദ്ധ്യയന വർഷം 2015-2016**

പുതിയ അദ്ധ്യയനവർഷം 2015 June 7-ന് ആരംഭിക്കുന്നു. വർഷാരംഭ പ്രാർത്ഥനയോടുകൂടി ക്ലാസ്സുകൾ അന്നുതന്നെ ആരംഭിക്കേണ്ടതാണ്.

**5. Staff Meeting in Units**

2015 മെയ് 31-ന് എല്ലാ യൂണിറ്റുകളിലും രാവിലെ തന്നെ Staff Meeting നടത്തുകയും പുതിയ വർഷത്തിലേക്കുള്ള പ്രവർത്തനങ്ങൾ ചർച്ചചെയ്യുകയും, അന്നേ ദിവസംതന്നെ ഉച്ചകഴിഞ്ഞ് നടക്കുന്ന ഫൊറോന അർദ്ധദിന സെമിനാറിൽ അദ്ധ്യാപകർ പങ്കെടുക്കുകയും ചെയ്യേണ്ടതാണ്.

**6. ACC Re-Examination May 23 Saturday 01.00 pm**

Feb. 2015 Annual Exam തോറ്റവർക്കും Attendance ഉണ്ടായിട്ട് Absent ആയവർക്കും Improvement വേണമെന്നുള്ളവർക്കും May 23-ന് മതബോധനകേന്ദ്രത്തിൽവെച്ച് Re-Examination നടത്തുന്നു. Registration Fees Rs. 60/-. Last Date for Registration: 16th May. Registration-ന് ഈ വർഷത്തെ Hall Ticket കൊണ്ടുവരേണ്ടതാണ്.

**7. School Catechism & Moral Science**

2015 June ആദ്യ ആഴ്ചയിൽ തന്നെ ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

**8.Text Books Supply**

2015 May 25 മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും Text Books വിതരണം ചെയ്തു തുടങ്ങുന്നതാണ്. ആവശ്യത്തിനു മാത്രം പുസ്തകങ്ങൾ വാങ്ങുക. അധികം വന്ന പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല. Indent നേരത്തെ തന്നിരിക്കണം.

**9. Basic CTC & Advanced CTC**

അതിരൂപതയിലെ എല്ലാ അദ്ധ്യാപകരും Catechists' Training Course Programme- ൽ നിർബന്ധമായും പങ്കെടുത്തിരിക്കേണ്ടതാണ്. ഈ വർഷത്തെ CTC- ക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. 10 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള അദ്ധ്യാപകർ **Advanced CTC** യിൽ പങ്കെടുക്കേണ്ടതാണ്. **Basic CTC : June 12-14 & June 19-21, Advanced CTC: June 26-28**

**10.Trophies to be returned as early as possible**

2014 ആഗസ്റ്റ് 15ന് സമ്മാനവിതരണമേളയിൽ ലഭിച്ച റോളിംഗ് ട്രോഫികൾ എത്രയും വേഗം മതബോധനകേന്ദ്രത്തിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

11. Price of Text Books in Rs. 2015-2016

| Std | Sunday Catechism | | School Catechism | Moral Science | |
|---|---|---|---|---|---|
| | Malayalam | English | | Mal. | Eng. |
| I | 25 | 35 | 25 | 35 | 45 |
| II | 25 | 35 | 25 | 35 | 45 |
| III | 25 | 35 | 25 | 35 | 45 |
| IV | 25 | 35 | 25 | 35 | 45 |
| V | 30 | 40 | 25 | 40 | 45 |
| VI | 30 | 40 | 25 | 40 | 45 |
| VII | 30 | 40 | 25 | 40 | 45 |
| VIII | 30 | 40 | 20 | 40 | 45 |
| IX | 30 | 40 | 20 | 40 | 50 |
| X | 30 | 40 | 20 | 40 | 50 |
| XI | 30 | 40 | ---- | 20 | ---- |
| XII | 30 | 40 | ---- | 20 | ---- |

| | | | | | |
|---|---|---|---|---|---|
| | | | Sunday Catechism | | |
| Nondetailed | Std. IV | to | VI | 5 |
| Nondetailed | Std. VII | to | XII | 10 |
| Bible Study Guide | Std. I | to | XII | 10 |
| Nursery Book | | | | 10 |
| ACC Book for First Term | | | | 50 |

**12. Catechetical Commission 2015 - 2018**

ഇപ്പോൾ നിലവിലുള്ള Archdiocesan Catechetical Commission ന്റെ കാലാവധി അവസാനിക്കാറായിരിക്കുകയാണ്. 2015-2018 ലേക്കുള്ള പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതുണ്ട്. May 31-ന് Forane Promoter സംഘടിപ്പിക്കുന്ന Half - Day Semiar-ൽ വെച്ച് പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. അതിന്റെ വിശദാംശങ്ങൾ Forane Promoters-നെ അറിയിക്കുന്നതാ

ണ്. ഒരു Forane-ൽ നിന്ന് താഴെ പറയുന്ന രീതിയിൽ 4 അദ്ധ്യാപകരെയാണ് തെരഞ്ഞെടുക്കേണ്ടത്.

1. One Headmater
2. One Teacher (HS/HSS/ACC)
3. One Teacher (UP Section)
4. One Teacher (LP Section)

**13. P.T.A. Unit Level Election for 2015 - 2018**

Unit Level, Forane Level & Archdiocesan Level P.T.A. Committee കളുടെ കാലാവധി അവസാനിക്കുകയാണ്. പുതിയ Committe രൂപീകരിക്കേണ്ടതുണ്ട്. അതുകൊണ്ട് Unit Level P.T.A. Committee യുടെ തെരഞ്ഞെടുപ്പ് 2015 June മാസത്തിൽ തന്നെ നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പിനും നടത്തിപ്പിനുമുള്ള മാർഗ്ഗരേഖ എല്ലാ യൂണിറ്റുകളിലുമുണ്ട്. ഈ മാർഗ്ഗരേഖയനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തി നിശ്ചിതഫോറത്തിൽ പേരുവിവരങ്ങൾ എഴുതി July 15-ന് മുമ്പ് Catechetical Centre-ൽ ലഭിച്ചിരിക്കേണ്ടതാണ്. അത് ലഭിച്ച ശേഷം വേണം Forane Level & Archdiocesan Level തെരഞ്ഞെടുപ്പുകൾ നടത്തുവാൻ.

**14. Sunday Catechism Units**

പുതിയ അദ്ധ്യയനവർഷത്തിൽ ഏതെങ്കിലും പുതിയ Unit ആരംഭിക്കുകയോ, ഏതെങ്കിലും Unit-ന്റെ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്നുണ്ടങ്കിൽ May 15-ന് മുമ്പ് Catechetical Centre Director ക്ക് ആ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

**15. PLUS TWO അധ്യാപരുടെയും HM മാരുടെയും ശ്രദ്ധയ്ക്ക് :**

സഭയെ സംബന്ധിച്ചും ആനുകാലിക പ്രശ്നങ്ങളെക്കുറിച്ചും മറ്റും **PLUS TWO** വിദ്യാർത്ഥികൾ ക്ലാസ്സുകളിൽ ഉന്നയിക്കുന്ന സംശയങ്ങൾക്കും ചോദ്യങ്ങൾക്കും വിദഗ്ദർ തയ്യാറാക്കുന്ന വ്യക്തവും കൃത്യവുമായ ഉത്തരങ്ങൾ ലഭ്യമാക്കാൻ Syro-Malabar Catechetical Centre ഉദ്ദേശിക്കുന്നു. അധ്യാപകർ അത്തരം ചോദ്യങ്ങൾ സമാഹരിച്ച് നേരിട്ടോ ഹെഡ്മാസ്റ്റർ വഴിയോ അതിരൂപതാമതബോധനകേന്ദ്രത്തിലേക്ക് അയച്ചുതരുവാൻ താല്പര്യപ്പെടുന്നു. എല്ലാ യൂണിറ്റുകളിൽ നിന്നും 2015 മെയ് 15-ന് മുമ്പുതന്നെ അവ ഇവിടെ ലഭിക്കേണ്ടതാണ്.

സസ്നേഹം,

Fr. Jijo Kappilamnirappel
Fr. Tens Kunnappilly
Asst. Directors

Fr. Raphael Akkamattathil
Director

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി

**B.A. in Theology and Religious Studies** :

ഒരു പുതിയ ബാച്ച് 2015 May മാസത്തിൽ ആരംഭിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും (2 PM മുതൽ 5 PM വരെയും) രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9.30 AM മുതൽ 5 PM വരെ ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ May 2 ാം തിയ്യതി ശനിയാഴ്ച 2.30 മുതൽ 4.30 വരെ നടക്കുന്ന Entrance Exam ൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പുതിയ ബാച്ചിന്റെ ക്ലാസ്സുകൾ May 9 ാം തിയ്യതി രണ്ടാം ശനിയാഴ്ച ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഡി. ബി. സി. എൽ. സി യിലെ തിയോളജി ഓഫീസിൽ അന്വേഷിക്കുക.

**Correspondence Theology Course:**

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ May 10, May 31 എന്നീ ഞായറാഴ്ച്ചകളിൽ 2 മണി മുതൽ 5 മണി വരെയായിരിക്കും.

**Six Month's Basic Theology Course** (Affiliated to Calicut University): ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനുള്ള 6 മാസത്തെ ബേസിക് തിയോളജി കോഴ്സ് ജൂൺ 8-ാം തിയ്യതി തിങ്കളാഴ്ച്ച ആരംഭിക്കും. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഡി. ബി. സി. എൽ. സി യിലെ തിയോളജി ഓഫീസിൽ പേര് തരേണ്ടതാണ്.

**Pastoral Orientation Course for Religious**: തൃശ്ശൂർ അതിരൂപതയേയും, അതിരൂപതയിലെ അജപാലന പ്രവർത്തനങ്ങളേയും കൂടുതൽ മനസ്സിലാക്കുവാനും പഠിക്കുവാനും സന്യാസിനികൾക്കായുള്ള പാസ്റ്ററൽ ഓറിയന്റേഷൻ കോഴ്സ് മേയ് 18 മുതൽ 23 വരെ ഡി. ബി. സി. എൽ. സി.-യിൽ നടത്തുന്നു. അതിരൂപതയിലെ എല്ലാ സന്യാസിനീ സമൂഹങ്ങളിലെയും സഹോദരിമാർക്ക് DBCLC-യിൽ താമസിച്ച്, ഒന്നുചേർന്ന് പഠിക്കുവാനും പരിചയപ്പെടുവാനും ലഭിക്കുന്ന ഈ പഠന ദിവസങ്ങളിലേക്ക് ഹൃദ്യമായ സ്വാഗതം. കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office മായി ബന്ധപ്പെടുക.

**ആശംസകളോടെ,**

**Fr. Raphael Akkamattathil**
**Director.**

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

### വൈദിക വസ്ത്രം സ്വീകരിക്കുന്നവർക്കായുള്ള ഒരുക്ക ധ്യാനം

ഈ വർഷം മെയ് 9ന് വൈദികവസ്ത്രം സ്വീകരിക്കാനൊരുങ്ങുന്ന സഹോദരങ്ങൾ തിരുവില്വാമലയിലെ സെന്റ് പോൾ ഗുരുകുലത്തിൽ ഏപ്രിൽ 6 മുതൽ 16 വരെയുള്ള ദിവസങ്ങളിൽ പ്രാർത്ഥനയിലും പരിചിന്തനത്തിലും ചെലവഴിച്ചു. റവ. ഫാ. ജോർജ്ജ് മണലേൽ, റവ. ഫാ. ബിജു പാണേങ്ങാടൻ, വെ. ഫാ. ഫ്രാൻസീസ് വാഴപ്പിള്ളി (ജൂനിയർ), റവ. ഫാ. ആന്റണി കുരുതുകുളങ്ങര തുടങ്ങിയവർ അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

### ദൈവവിളി വാരാചരണം

ഏപ്രിൽ 6 മുതൽ 11 വരെയുള്ള ദിവസങ്ങളിലാണ് ഈ വർഷത്തെ തൃശ്ശൂർ അതിരൂപത ദൈവവിളി വാരാചരണം നടത്തപ്പെട്ടത്. തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയത്തിലായിരുന്നു ദൈവവിളി വാരാചരണത്തോടനുബന്ധിച്ചുള്ള വിശുദ്ധ കുർബ്ബാനയർപ്പണവും പരിശുദ്ധ കുർബ്ബാനയുടെ ആരാധനയും വചനപ്രഘോഷണവും നടന്നത്. ഓരോ ദിവസത്തെയും ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ ബഹു.അച്ചന്മാർക്കും ബ്രദേഴ്സിനും സിസ്റ്റേഴ്സിനും ഹൃദയം നിറഞ്ഞ നന്ദി.

### ദൈവവിളി ക്യാമ്പുകൾ

എസ്.എസ്. എൽസി/പ്ലസ് ടു പൂർത്തിയാക്കിയവർക്കും അതിൽ കൂടുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ആൺകുട്ടികൾക്കായി ഏപ്രിൽ 6–8, 9–11 എന്നീ ദിവസങ്ങളിൽ 2 ബാച്ചുകളിലായി സംഘടിപ്പിച്ച ദൈവവിളി ക്യാമ്പുകളിൽ 98 ഇടവകകളിൽ നിന്നായി 380 കുട്ടികൾ പങ്കെടുത്തു. ഏപ്രിൽ 6, 7 എന്നീ ദിവസങ്ങളിൽ പെൺകുട്ടികൾക്കായി സംഘടിപ്പിച്ച ക്യാമ്പിൽ 21 ഇടവകകളിൽ നിന്നായി 81 പേർ സംബന്ധിച്ചു. ക്യാമ്പുകളിലെ ക്ലാസ്സുകൾ നയിച്ചത് ബഹു. ലോറൻസ് തൈക്കാട്ടിലച്ചനായിരുന്നു. ക്യാമ്പുകളുടെ നടത്തിപ്പിന് സഹായിച്ച എല്ലാ ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും വൈദികവിദ്യാർത്ഥികൾക്കും അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

### Best Campers' Seminar

വൈദിക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഇടവകകളിൽ നടത്തപ്പെടുന്ന ദൈവദർശൻ ക്യാമ്പുകളിൽ നിന്ന് തെരഞ്ഞെടുക്കുന്ന കുട്ടികൾക്കായുള്ള നേതൃത്വപരിശീലന മാർഗ്ഗദർശന സെമിനാർ മെയ് 2–ാം തിയതി ശനിയാഴ്ച മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. ബഹു. റോയ് ജോസഫ് വടക്കൻ അച്ചനാണ് സെമിനാർ നയിക്കുന്നത്.

## Major Seminarian's Conference

മെയ് 6 മുതൽ 9 വരെയുള്ള ദിവസങ്ങളിൽ വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന തൃശ്ശൂർ അതിരൂപതയിലെ വൈദികവിദ്യാർത്ഥികൾ തങ്ങളുടെ മാതൃഭവനമായ മൈനർ സെമിനാരിയിൽ ഒത്തുച്ചേരും. തദവസരത്തിൽ ഈ വർഷം തൃശ്ശൂർ അതിരൂപതയ്ക്കായി തിരുപ്പട്ടം സ്വീകരിച്ചവരും വൈദികപരിശീലനരംഗത്തും അതിരൂപത കാര്യാലയത്തിലും ശുശ്രൂഷ ചെയ്യുന്ന അതിരൂപതയിലെ വൈദികരും സന്നിഹിതരാകും.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ടോണി ഏനോക്കാരൻ, ഏയ്ഞ്ചൽ നഗർ, ഒല്ലൂർ
2. ശ്രീ. ഹണി ജോണി വാകയിൽ, വാകയിൽ ഹൗസ്, ഐശ്വര്യഭവൻ, അമല നഗർ
3. അസ്സീസി കോൺവെന്റ്, തൃശ്ശൂർ
4. ശ്രീ. ജോൺ സി. ആൻഡ്രൂസ്, ചിറമ്മൽ പെരിങ്ങോട്ടുകരക്കാരൻ ഹൗസ്, പടിഞ്ഞാറേ അങ്ങാടി, അരണാട്ടുകര
5. റവ. ഫാ. സേവ്യർ പാണേങ്ങാടൻ, തൃശ്ശൂർ അതിരൂപത
6. ശ്രീ. ടൈസൺ എ. പി. അത്താണിയ്ക്കൽ ഹൗസ്, തൃശ്ശൂർ
7. ഡോക്ടർ പി.സി. ഗിൽവാസ്, കോസ്മോ ഗാർഡൻ, കൂർക്കഞ്ചേരി, തൃശ്ശൂർ
8. ശ്രീ. ടി. പി. ഡേവീസ്, തേർമഠം ഹൗസ്, നെല്ലങ്കര, തൃശ്ശൂർ
9. ശ്രീ. ഫ്രാൻസീസ് സി.ടി., ചിറ്റാട്ടുകരക്കാരൻ ഹൗസ്, അഞ്ചേരി, തൃശ്ശൂർ
10. ശ്രീ. ജോസഫ് സി.കെ., ചൊവ്വല്ലൂർ ഹൗസ്, പാലയൂർ

കർത്താവിന്റെ വിളഭൂമിയിൽ ശുശ്രൂഷകരാകാനൊരുങ്ങുന്ന വൈദികവിദ്യാർത്ഥികളെ പിന്തുണയ്ക്കുന്ന എല്ലാവരേയും വിളവിന്റെ നാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**ക്യാമ്പ് സംഘടിപ്പിച്ചു.**

ഈ അദ്ധ്യായന വർഷത്തിലെ ബി.എഡ്. വിദ്യാർത്ഥികളുടെ കമ്മ്യൂണിറ്റി ലിവിങ്ങ് ക്യാമ്പ് മാർച്ച് 4, 5, 6 തീയതികളിൽ കോളേജിൽ വച്ച് നടത്തപ്പെട്ടു. വിദ്യാർത്ഥികൾക്കെല്ലാവർക്കും ക്യാമ്പ് പുതിയ ഒരു അനുഭവമായിരുന്നു. നിറക്കൂട്ട് ക്യാമ്പിലെ ബെസ്റ്റ് ക്യാമ്പേഴ്സ് ആയി ഫാ. ജോൺ പോൾ, ്ക്ഷയ വിജയൻ എന്നീ വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു.

**പഠനയാത്ര സംഘടിപ്പിച്ചു**

മഹാജൂബിലി കോളേജിലെ 2014–2015 ബാച്ച് ബി.എഡ് വിദ്യാർത്ഥികലുടെ മൂന്നു ദിവസത്തെ പഠനയാത്ര ഫെബ്രുവരി 10ന് ആരംഭിച്ച് 12ന് സമാപിച്ചു. തിരുവനന്തപുരം, കന്യാകുമാരി എന്നീ സ്ഥലങ്ങളാണ് പഠനയാത്രയുടെ ഭാഗമായി സന്ദർശിച്ചത്. ചരിത്രപ്രസിദ്ധമായ സ്ഥലങ്ങൾ സന്ദർശിക്കാനും അറിവുകൾ ശേഖരിക്കാനും ഈ പഠനയാത്ര ഉപകരിച്ചു.

## M.Ed. Topic Selction

2014–2015 അദ്ധ്യയന വർഷത്തിലെ എം.എഡ്. വിദ്യാർത്ഥികൾ അവരുടെ പഠന മികവ് തെളിയിക്കുന്നതിനായി ഗവേഷണ വിഷയങ്ങൾ തെരഞ്ഞെടുത്തു.

കാലിക്കറ്റ് സർവ്വകലാശാല രണ്ടാം സെമസ്റ്റർ ബി.എഡ്,. പരീക്ഷയുടെ (നവംബർ 2014) മൂല്യനിർണയ ക്യാംപ് മാർച്ച് 16 മുതൽ 20 വരെ നടന്നു. മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ അദ്ധ്യാപകരും മൂല്യനിർണ ക്യാംപിൽപങ്കെടുത്തു.

**ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു.**

ജീവിതത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് സ്വജീവിതത്തിലൂടെയും അനുഭവങ്ങളിലൂടെയും പങ്കുവച്ചുകൊണ്ടും അദ്ധ്യാപകർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെക്കുറിച്ചും മാർച്ച് 16–ാം തീയതി ഒരു ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. ഫാ. രാജു അക്കരയുടെ നേതൃത്വത്തിലുള്ള ക്യാമ്പിൽ എം.എഡ്., ബി.എഡ്. വിദ്യാർത്ഥികൾ പങ്കെടത്തു.

**ട്രാഫിക് ബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിച്ചു**

മഹാജൂബിലി ട്രെയിനിങ്ങ് കോളേജ് ഓഡിറ്റോറിയത്തിൽ മാർച്ച് 27–ാം തീയതി 11 മണിക്ക് ട്രാഫിക് ബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിച്ചു. അസി. സബ്ബ് ഇൻസ്പെക്ടർ ഒ. എ. ബാബു സാറിന്റെ നേതൃത്വത്തിലുള്ള ക്ലാസ്സ്

കേരളത്തിന്റെ നേർക്കാഴ്ചയെ മനസ്സിലാക്കി തന്നു. നിരവധി അവാർഡുകൾക്ക് അർഹമായ എസ്. ഐ. അരുൺ ഗോപിയുടെ 'മലയാളികളുടെ ക്രൂരതകൾ' എന്ന ആൽബം പ്രദർശിപ്പിച്ചു. റോഡ് അപകടത്തിന് ഉള്ള കാരണങ്ങൾ, മനുഷ്യത്വം ലേശമില്ലാത്ത കുറ്റകൃത്യങ്ങൾ തുടങ്ങി വിഷയങ്ങളെ പറ്റിയും ചർച്ച ചെയ്തു. എം.എഡ്, ബി.എഡ്, വിദ്യാർത്ഥികളും അദ്ധ്യാപകരും ക്ലാസ്സിൽ പങ്കെടുത്തു.

**ഗാർഡിയൻസ് ടീച്ചേഴ്സ് അസ്സോസിയേഷൻ**

2014–2015 അദ്ധ്യയന വർഷത്തെ ഗാർഡിയൻസ് ടീച്ചേഴ്സ് പൊതുയോഗം മാർച്ച് 27ന് ഉച്ചക്ക് 2.30ന് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. ഫാ. ഇഗ്നേഷ്യസ് നന്തിക്കര എല്ലാവരേയും സ്വാഗതം ചെയ്തു. കോളേജ് മാനേജർ മോൺ. ഫാ. ജോർജ്ജ് എടക്കളത്തൂർ, പ്രിൻസിപ്പാൾ ജെസ്സി മാത്യു, കോളേജ് ബർസാർ ഫാ. ജോയ് മൂക്കൻ, അസി. ബർസാർ ഫാ. ഡിറ്റോ കൂള എന്നിവർ സന്നിഹിതരായിരുന്നു. ശ്രീ. ശിവശങ്കരൻ പ്രസിഡന്റായും ശ്രീമതി മെർലി വൈസ് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടു. ശ്രീ. രമേശ്, ശ്രീ. ഫ്രാൻസീസ്, രമണി, ലിസി എന്നിവരെയും മെമ്പർമാരായി തിരഞ്ഞെടുത്തു.

**Immunization ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു**

മഹാജൂബിലി ട്രെയിനിങ്ങ് കോളേജ് ഓഡിറ്റോറിയത്തിൽ 30–ാം തീയതി മുള്ളൂർക്കര പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നേതൃത്വത്തിൽ Immunization നെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ സി. പ്രസാദ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഷാജു എം. കെ. എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

**ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പിൽ പങ്കെടുത്തു.**

ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പ് 2015 മാർച്ച് 31 ചൊവ്വകാലത്ത് 9 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ മുള്ളൂർക്കര ഗവ. എൽ. പി. സ്കൂളിൽ വച്ച് നടത്തപ്പെട്ടു. പ്രമേഹം, രക്താതിമർദ്ദം, അമിത വണ്ണം എന്നിവയ്ക്ക് സൗജന്യ പരിശോധനയും ചികിത്സയും ജനറൽ മെഡിസിൻ വിതരണവും ഉണ്ടായിരുന്നു. ക്യാമ്പിനോട് അനുബന്ധിച്ച് ആരോഗ്യബോധവൽക്കരണ മാജിക് ഷോയും ടിന്റു മങ്കി ഷോയും സംഘടിപ്പിച്ചു. മഹാജൂബിലി കോളേജിലെ ബി.എഡ്. വിദ്യാർത്ഥികളും അദ്ധ്യാപകരും ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിനോട് അനുബന്ധിച്ച് ബി.എഡ്. വിദ്യാർത്ഥികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

**ഫാ. ചാക്കോ ചിറമ്മൽ**
പി.ആർ.ഒ.

**ഫാ.ഡിറ്റോ കൂള**
അസി. ബർസാർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

## ഏപ്രിൽ - 2015

### മതസൗഹാർദ്ദ കൂട്ടായ്മയിൽ 'വിശുദ്ധവാരത്തിൽ' ജൂബിലി മിഷനിൽ സമ്പൂർണ്ണ സൗജന്യ ഡയാലിസിസ്

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിശുദ്ധവാരത്തിൽ നടത്തപ്പെടുന്ന സമ്പൂർണ്ണ സൗജന്യ ഡയാലിസിസിന് മതസൗഹാർദ്ദത്തിന്റെ പൊൻതിളക്കം. ഓശാന ഞായർ മുതൽ ഈസ്റ്റർ ഉൾപ്പെടെയുള്ള എട്ടുദിവസങ്ങളിൽ ജൂബിലി മിഷനിൽ നടക്കുന്ന എല്ലാ ഡയാലിസിസുകളും സൗജന്യമായിരുന്നു. ജാതിമതഭേദമെന്യേ ജൂബിലിയെ സ്നേഹിക്കുന്ന അഭ്യുദയകാംക്ഷികളുടെ ഉദാരമായ സഹകരണമാണ് വിശുദ്ധവാരത്തിലെ എട്ടു ദിവസവും ജൂബിലിയിൽ സൗജന്യഡയാലിസിസ് ഒരുക്കുവാൻ സഹായിച്ചത്. ജൂബിലി മിഷൻ പള്ളിയിലെ ആരാധന സമൂഹം, മില്ലേനിയം ഗ്രൂപ്പ് ഓഫ് കമ്പനീസ് ഉടമ ശ്രീ. വി. കെ. മുഹമ്മദ്, ശ്രീ ജിക്സൻ ചൂലിശ്ശേരി, പുറനാട്ടുകര സെന്റ് സെബാസ്റ്റ്യൻ ഇടവകപള്ളി, മണലൂർ ഇടവകയിലെ ദർശനസഭ, ശ്രീ. സൈമൺ നീലങ്കാവിൽ, ശ്രീ. മഹേഷ് രാജ്, ശ്രീമതി മഞ്ജുഷ റാണി, ശ്രീ. ജോസ് ചിറ്റിലപ്പിള്ളി എന്നിവരുടെ സഹകരണത്തോടെയാണ് സൗജന്യ ഡയാലിസിസ് ഒരുക്കിയത്.

- ❖ സൗജന്യ ഗ്ലോക്കോമ നിർണ്ണയ ക്യാമ്പ് 2015 മാർച്ച് 14 ശനിയാഴ്ച രാവിലെ 10 മുതൽ 1 മണിവരെ നേത്രരോഗവിഭാഗത്തിന്റെ ഒ. പി. യിൽ വെച്ച് നടത്തുകയുണ്ടായി.
- ❖ ലോകക്ഷയരോഗദിനാചരണത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിൽ ആർ.എൻ.ടി.സി.പി.യുടെ നേതൃത്വത്തിൽ റാലി (24.03.2015) സംഘടിപ്പിച്ചു. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് റാലി ഫ്ളാഗ് ചെയ്തു.

### ലോകാരോഗ്യദിനം : 'സുരക്ഷിത ഭക്ഷണത്തിനായ്' കറിവേപ്പിൻ തൈകൾ വിതരണം ചെയ്ത് ജൂബിലി മിഷൻ ആശുപത്രി

ലോകാരോഗ്യദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കറിവേപ്പിൻതൈ വിതരണം ചെയ്തു. 'സുരക്ഷിതഭക്ഷണം... സുരക്ഷിത ജീവിതത്തിന്...' എന്ന ആശയം പ്രചരിപ്പിക്കാനാണ് വിദ്യാർത്ഥികൾക്ക് കറിവേപ്പിൻതൈ വിതരണം ചെയ്തത് എന്ന് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അറിയിച്ചു. കറിവേപ്പിൻ തൈക

ളുടെ വിതരണോദ്ഘാടനം ഹരിത എം. എൽ. എ. ശ്രീ. ടി. എൻ. പ്രതാപൻ നിർവ്വഹിച്ചു. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അനുഗ്രഹപ്രഭാഷണവും നവീകരിച്ച ഫിസിയോതെറാപ്പി വിഭാഗത്തിന്റെ ആശീർവ്വാദവും നിർവ്വഹിച്ചു. ബോർഡ് ഓഫ് കൺട്രോൾ ഫോർ ക്രിക്കറ്റ് ഇൻ ഇന്ത്യയുടെ വൈസ് പ്രസിഡണ്ട് ശ്രീ. ടി. സി. മാത്യു നവീകരിച്ച ഫിസിയോതെറാപ്പി വിഭാഗത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഔഷധി സൂപ്രണ്ട് ശ്രീ. കെ. എസ്. രജിതൻ മുഖ്യപ്രഭാഷണം നടത്തി. ജൂബിലി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് ഉപഹാരങ്ങൾ നൽകി. ജൂബിലി മിഷൻ ഫിസിയോതെറാപ്പി വിഭാഗം മേധാവി ഡോ. കെ. കേശവറാം നന്ദി പറഞ്ഞു.

**മെഡിക്കൽ വിദ്യാർത്ഥികൾക്കായ് നോമ്പുകാലധ്യാനം**

നോമ്പുകാലത്തിൽ മെഡിക്കൽ വിദ്യാർത്ഥികൾക്കുവേണ്ടി മദർ തെരേസ ഹാളിൽ വെച്ച് ധ്യാനം സംഘടിപ്പിച്ചു. ബ്ര. ശശി ഇമ്മാനുവേൽ നേതൃത്വം നൽകി.

**നേഴ്സിങ്ങ് കോളേജിന് രണ്ടാംസ്ഥാനം**

സ്റ്റുഡൻസ് നേഴ്സസ് അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന സോണൽ സ്പോർട്സ് മീറ്റിൽ ജൂബിലി മിഷൻ കോളജേ ഓഫ് നഴ്സിങ്ങ് രണ്ടാം സ്ഥാനം നേടി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- പൗളോ ഫൗണ്ടേഷൻ, തൃശ്ശൂർ (70 ഡയാലിസിസ്)
- സെന്റ് മേരീസ് ഫാമിലി യൂണിറ്റ്, ലൂർദ്ദുപുരം (27 ഡയാലിസിസ്)

**ഫാ.ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
**ഡയറക്ടർ**

## ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

- മാർച്ച് 19ന് സെന്റ് ജോസഫ് ഫീസ്റ്റ് കോളേജിൽ ആഘോഷിച്ചു. സ്റ്റുഡന്റ്സ് അസംബ്ലിയിൽ പ്രിൻസിപ്പൽ സ്വാഗതം പറഞ്ഞു. ഫാ. ജോൺ തറയിൽ, ഫാ. ജോസ് പുന്നോലിപ്പറമ്പിൽ എന്നിവരുടെ ഫീസ്റ്റ് ആചരിച്ചു. അധ്യാപകരും വിദ്യാർത്ഥികളും ഫാ. ജോൺ തറയിലിനും ഫാ. ജോസ് പുന്നോലിപ്പറമ്പിലിനും ആശംസകൾ നേർന്നു. തുടർന്ന് എല്ലാവർക്കും മധുരം വിതരണം ചെയ്തു.

- NBA അക്രിഡിറ്റേഷനുവേണ്ടി മാരച്ച് 20, 21 തിയ്യതികളിൽ സെൽഫ് അസസ്മെന്റ് റിപ്പോർട്ട് അപ്‌ലോഡ് ചെയ്തു.

- കോളേജിന്റെ ഈ വർഷത്തെ കോളേജ് ഡേ മാർച്ച് 21ന് സംഘടിപ്പിച്ചു. തൃശൂർ ദൂരദർശൻ കേന്ദ്രം ഡയറക്ടർ ഡോ. സി.കെ. തോമസ് ഉദ്ഘാടനം നിർവ്വഹിച്ചു. കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. അഡ്മിനിട്രേറ്റർ തോമസ് മാത്യു, പി.ടി.എ. പ്രസിഡന്റ് എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും നടന്നു.

- കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം മാർച്ച് 25ന് , ഡോ. എൽ. ഗോഡ്സണിന്റെ (അസോസിയേറ്റ് പ്രൊഫസർ, കാരുണ്യ യൂണിവേഴ്സിറ്റി) നേതൃത്വത്തിൽ "Nanofluids for heat transfer application" എന്ന വിഷയത്തിലും, ഡോ. പി. സനൽ പോളിന്റെ (അസോസിയേറ്റ് പ്രൊഫസർ, കാരുണ്യ യൂണിവേഴ്സിറ്റി) നേതൃത്വത്തിൽ "Mechanical Vibration" എന്ന വിഷയത്തിലും സെമിനാർ സംഘടിപ്പിച്ചു.

- ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ലൈബ്രറിയും കാലിക്കറ്റ് ബുക്ക് ഡിസ്ട്രിബ്യൂട്ടേഴ്സും സംയുക്തമായി സംഘടിപ്പിക്കുന്ന പുസ്തകപ്രദർശനവും വില്പനയും മാർച്ച് 24, 25 തിയ്യതികളിലായി ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടന്നു. പ്രദർശനോഘാടനം കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അഡ്മിനിട്രേറ്റർ തോമസ് മാത്യു, ബോബി പീറ്റർ, ഫിനാൻസ് മാനേജർ ഫാ. ജോജു ചിരിയൻങ്കണ്ടത്ത്, കോളേജ് ലൈബ്രേറിയൻ ഡോ. ആദർശ് എൻ. ഗോകുൽ എന്നിവർ സന്നിഹിതരായിരുന്നു. വിവിധ എഞ്ചിനീയറിംഗ് ബ്രാഞ്ചുകളുടെ പുസ്തകങ്ങളെക്കൂടാതെ മറ്റു വിഭാഗങ്ങളിൽപ്പെട്ട പുസ്തകങ്ങളും പ്രദർശനത്തിനായി ഒരുക്കിയിരുന്നു. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രദർശനം കാണുന്നതിനും പുസ്തകങ്ങൾ വാങ്ങുന്നതിനും സൗകര്യം ഉണ്ടായി.

- ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ടെക്നോ-കൾച്ചറൽ ഫെസ്റ്റായ തരംഗ് 15ന്റെ ഭാഗമായി നടക്കുന്ന സൃഷ്ടി-പ്രൊജക്ട് എക്സ്പോ മാർച്ച് 28ന് കോളേജ് കാമ്പസിൽ വച്ച് നടന്നു. കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 50-ാളം പ്രൊജക്ടുകൾ പ്രദർശനത്തിനുണ്ടായിരുന്നു. ഓട്ടോമാറ്റിക് തെങ്ങുകയറ്റയന്ത്രം,

കണ്ണുകൊണ്ട് നിയന്ത്രിക്കാവുന്ന വീൽചെയർ, മദ്യപാനികളായ ഡ്രൈവർമാരെ തിരിച്ചറിയാനുള്ള ബസ്സ്, വിവിധ ആൻഡ്രോയ്ഡ് ആപ്പുകൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ മുഖ്യശ്രദ്ധ പിടിച്ചുപറ്റി. പ്രൊജക്ട് എക്പോയുടെ ഉദ്ഘാടനം കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അഡ്മിനിട്രേറ്റർ തോമസ് മാത്യു, ബോബി പീറ്റർ, ഫാ. റോയ് ജോസഫ് വടക്കൻ, ഫാ. ജോജു ചിരിയൻങ്കണ്ടത്ത് എന്നിവർ പങ്കെടുത്തു. സർക്യൂട്ട്-നോൺ സർക്യൂട്ട് വിഭാഗങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. സർക്യൂട്ട് വിഭാഗത്തിൽ തലക്കോട്ടുകര വിദ്യ എഞ്ചിനീയറിംഗ് കോളേജ് ഒന്നാം സ്ഥാനവും, ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. നോൺ-സർക്യൂട്ട് വിഭാഗത്തിൽ ദേശമംഗലം മലബാർ എഞ്ചിനീയറിംഗ് കോളേജിന്റെ 'സ്മാർട്ട് ബസ്സ്' ഒന്നാം സ്ഥാനവും, റോയൽ എഞ്ചിനീയറിംഗ് കോളേജ് അവതരിപ്പിച്ച 'സ്മാർട്ട് ക്ലൈംപർ' രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിവിധ വിഭാഗങ്ങളിലായി വിജയികൾക്ക് ഒന്നരലക്ഷത്തോളം രൂപയുടെ ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

- അവസാന വർഷ വിദ്യാർത്ഥികളുടെ യാത്രയയപ്പും ഫോട്ടോ സെഷനും മാർച്ച് 30ന് നടന്നു. അവസാനവർഷ വിദ്യാർത്ഥികളും അധ്യാപകരും മറ്റു സ്റ്റാഫംഗങ്ങളും പ്രസ്തുത ചടങ്ങിൽ പങ്കെടുത്തു.

- 2015-16 വർഷത്തേയ്ക്കുള്ള ബി.ടെക്, എം.ടെക് അഡ്മിഷൻ പോളിസി തീരുമാനിച്ചു. മാനേജർ ഫാ. ജേർജ്ജ് എടക്കളത്തൂർ മീറ്റിംഗിൽ സംബന്ധിച്ചു. എൻ.ആർ.ഐ. സീറ്റ്, മാനേജ്മെന്റ് സീറ്റ്, അഡ്മിഷൻ കമ്മിറ്റി അലോട്ട്മെന്റ് സീറ്റ് എന്നിങ്ങനെയുള്ള പോളിസി തുടരുവാൻ തീരുമാനിച്ചു.

ഫാ. റോയ് ജോസഫ് വടക്കൻ
**പി.ആർ.ഒ.**

**ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
**എക്സിക്യൂട്ടീവ് മാനേജർ**

# ഫാമിലി അപ്പസ്തോലേറ്റ്

## ഹ്രസ്വചലചിത്ര മത്സരം

തൃശ്ശൂർ അതിരൂപതാ ഫാമിലി അപ്പസ്റ്റോലെറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഹ്രസ്വചലചിത്രമത്സരത്തിന്റെ ഫലം താഴെ കൊടുക്കുന്നു. പങ്കെടുത്തവർക്കും സമ്മാനാർഹരായവർക്കും പ്രത്യേകം അനുമോദനങ്ങൾ; അഭിനന്ദനങ്ങൾ.

ഒന്നാം സമ്മാനം : സേക്രട്ട് ഹാർട്ട് ചർച്ച്, എരുമപ്പെട്ടി (ചലചിത്രം : ഇന്നുമുതൽ മരണം വരെ) രണ്ടാം സമ്മാനം: സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, നെല്ലങ്കര (ഈശോയ്ക്ക് ഒരു കത്ത്) മൂന്നാം സമ്മാനം: സെ. ജോർജ്ജ് ചർച്ച് മങ്ങാട് (മൈ ഹോം)

## വിവാഹാനന്തര ജീവിത ദർശൻ പ്രോഗ്രാം

വിവാഹത്തിനുശേഷം മൂന്നുമുതൽ അഞ്ചുവർഷമായവർക്കും, ആറുമുതൽ പത്തുവർഷമായവർക്കും വിവാഹജീവിതത്തിന്റെ വിവിധ മേഖലയെ കുറിച്ച് ഉൾക്കാഴ്ച നൽകുന്നതും വിവാഹ ജീവിതത്തിൽ ദൈവാനുഗ്രഹത്തിന്റെ കൃപാവർഷത്തെക്കുറിച്ച് അവബോധമുളവാക്കുന്നതുമായ ക്ലാസ്സുകളും പ്രാർത്ഥനാ ശുശ്രൂഷകളുമടങ്ങുന്ന ഏകദിന പ്രോഗ്രാമുകൾ 2015 ജൂലൈ മാസത്തിലെ ഞായറാഴ്ചകളിൽ ഫാമിലി അപ്പസ്റ്റൊലെറ്റ് സെന്ററിൽ നടത്തുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്ന ദമ്പതികളെ ബഹു. വികാരിയച്ചന്മാർ പ്രോത്സാഹിപ്പിച്ചയക്കുമല്ലോ.

## കൗൺസിലിംഗ് സൗകര്യം

ജീവിതവ്യഗ്രത തകർച്ചകളിൽ കൈതാങ്ങായി മാറാനുതകുന്ന വിധത്തിൽ ബേസിക് കൗൺസിലിംങ്ങിനായ് തൃശ്ശൂർ അതിരൂപതാ ഫാമിലി അപ്പസ്റ്റൊലെറ്റ് സെന്റർ സൗകര്യങ്ങളൊരുക്കുന്നു. ആവശ്യമുള്ളവർ ഫാമിലി അപ്പസ്റ്റൊലെറ്റ് സെന്ററുമായി ബന്ധപ്പെടുക.

പ്രാർത്ഥനാശംസകളോടെ,

**ഫാ. ജിയോ തെക്കിനിയത്ത്**
അസി. ഡയറക്ടർ

**ഫാ.ലോറൻസ് തൈക്കാട്ടിൽ**
ഡയറക്ടർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

**മഴ നിറവ് – ഏകദിന സെമിനാർ**

മഴവെള്ള ശേഖരണവും സംരക്ഷണവും സമൂഹത്തിന്റെ ശീലങ്ങളിൽ ഒന്നാക്കി മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി മഴനിറവ് ഏകദിന സെമിനാർ മാർച്ച് 31ന് പങ്ങാരപ്പിള്ളി ഇടവകയിൽ ഉച്ചയ്ക്ക് 3.00 മണിക്ക് സംഘടിപ്പിച്ചു. പങ്ങാരപ്പിള്ളി ഇടവക വികാരി ഫാ. ടെഡ്സ് കുന്നപ്പിള്ളി അദ്ധ്യക്ഷത വഹിക്കുകയും കോഡിനേറ്റർ വി. ആർ ശിവകൃഷ്ണ മഴവെള്ള ശേഖരണത്തെ കുറിച്ച് ക്ലാസ്സ് എടുക്കുകയും ചെയ്തു. ചേലക്കര ഫൊറോന സ്നേഹനിധി ഭാരവാഹി തങ്കമ്മ മാത്യു, എസ്. എച്ച്. ജി. കോർഡിനേറ്റർ സി. പി. ജോർജ്ജ്, സ്നേഹനിധി ഭാരവാഹി ബിനി സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

**റീജണൽ മീറ്റിംഗ് നടത്തി**

എഫ്. ഡി. പി. ഗുണഭോക്തൃ കുടുംബങ്ങൾക്കുവേണ്ടി 05.03.2015ന് ഡി. ബി.സി. എൽ. സിയിൽ വച്ച് റീജണൽ മീറ്റിംഗ് നടത്തുകയുണ്ടായി. “മഴ വെള്ള ശേഖരണവും സംരക്ഷണവും എന്ന വിഷയത്തെക്കുറിച്ച് ശ്രീ. ജോസ് സി. റാഫേൽ (ഡയറക്ടർ മഴപൊലിമ) ക്ലാസ്സെടുക്കുകയുണ്ടായി. 210 കുടുംബങ്ങൾ ഈ ക്ലാസ്സിൽ വളരെ സജീവമായി പങ്കെടുത്തു.

**സഹായങ്ങൾ വിതരണം ചെയ്തു.**

മാർച്ച് മാസം എഫ്. ഡി. പി. മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുളയം | 5000 | ചേറ്റുപുഴ | 60,000 |
| മുല്ലക്കര | 45000 | മച്ചാട് | 25,000 |
| വെട്ടുക്കാട് | 9000 | സേവനാലയം | 25,000 |
| കല്ലൂർ | 40000 | പുത്തൂർ | 55,000 |
| ഇരവിമംഗലം | 9000 | കോടന്നൂർ | 5,000 |
| അന്തിക്കാട് | 70,000 | പാലയൂർ | 2,44,000 |
| മാന്ദാമംഗലം | 1,06,000 | അടാട്ട് | 1400 |
| ചിറ്റാട്ടുകര | 42,000 | അത്താണി | 45,000 |
| തൃക്കൂർ | 34,000 | വലക്കാവ് | 47,000 |
| കുണ്ടന്നൂർ | 43,000 | ചൊവ്വൂർ | 1,73,000 |
| മരോട്ടിച്ചാൽ | 1,02,000 | പാവർട്ടി | 20,000 |

| | | | |
|---|---|---|---|
| കൊട്ടേക്കാട് | 1,12,000 | ബ്രഹ്മകുളം | 87,000 |
| വരടിയം | 35,000 | കുണ്ടുകാട് | 25,000 |

**ജെസ്സ്- പദ്ധതി അവലോകനം**

'ജെസ്സ്' എന്ന പദ്ധതിയുടെ 8 വർഷ കാലയളവ് അവസാനിക്കുന്നതിന്റെ ഭാഗമായി ആനിമേറ്റേഴ്സിന്റെ വിലയിരുത്തൽ യോഗം കൂടുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു. 20 ആനിമേറ്റേഴ്സ് പങ്കെടുത്ത യോഗത്തിൽ സോഷ്യൻ ആക്ഷൻ ഡയറക്ടർ ഫാ. തോമസ് പൂപ്പാടി സ്വാഗതം ആശംസിച്ചു. 8 വർഷക്കാലത്തെ ജെസ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സഹകരിച്ച വൈദികരെയും സിസ്റ്റേഴ്സിനെയും ഉപകാരികളെയും ടീച്ചേഴ്സിനെയും നന്ദിയോടെ ഓർക്കുകയും ചെയ്തു. വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ഈ പദ്ധതി മനോഹരമായി നടത്തുവാൻ സഹകരിച്ച മുൻഡയറക്ടർമാർക്കും കോഡിനേറ്റർമാർക്കും പ്രത്യേകമായി അനുമോദനങ്ങൾ അർപ്പിച്ചു. തദവസരത്തിൽ ഈ പദ്ധതി വിജയിക്കുവാൻ സഹകരിച്ച ആനിമേറ്റേഴ്സിനെ പാരിതോഷികങ്ങൾ വിതരണം ചെയ്തു.

**സമന്വയ ആക്ക്ഷൻ പ്ലാൻ തയ്യാറാക്കി**

പദ്ധതിയുടെ തുടർനടത്തിപ്പിനായി കാരിത്താസ് ഇന്ത്യ-സൗത്ത് സോണൽ മാനേജർ ഡോ. ഹരിദാസ് വി. ആർ. റീജണൽ ഓഫീസർ സെബാസ്റ്റ്യൻ കെ. എയും സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ. തോമസ് പൂപ്പാടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വാർഷിക പരിപാടികൾ തീരുമാനിക്കുകയും ചെയ്തു.

**ഗോഡ്സ് ഓൺ ഫാമലി**

പദ്ധതിയുടെ ഭാഗമായുള്ള റീജണൽ മീറ്റിംഗ് ഡി.ബി.സി. എൽ. സിയിൽ വച്ച് നടത്തുകയുണ്ടായി. മഴവെള്ള ശേഖരണവും സംരക്ഷണവും എന്ന വിഷയത്തെക്കുറിച്ച് ശ്രീ. ജോസ് സി. റാഫേൽ (ഡയറക്ടർ മഴപൊലിമ) ക്ലാസ്സെടുത്തു..124 കുടുംബങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. പദ്ധതിയിലേക്ക് വിയ്യൂർ ഇടവകയിൽ നിന്നുള്ള ഒരു കുടുംബത്തെ കൂടി തിരഞ്ഞെടുത്തു.

സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു

| | | | |
|---|---|---|---|
| ചേലക്കര | 77,000 | അരിമ്പൂർ | 17,500 |
| ലൂർദ്ദ് | 18,000 | കോടന്നൂർ | 5,000 |
| വീണ്ടശ്ശേരി | 13,000 | അന്തിക്കാട് | 16,000 |
| തലോർ | 57,000 | പുറനാട്ടുകര | 28,000 |
| തണ്ടിലം | 3,000 | | |

**ബോധവത്ക്കരണ ക്ലാസ്സ് നടത്തി**

കോളത്തൂർ വില്ലേജിൽ 5 ദിവസത്തെ ജ്വല്ലറി മേക്കിങ്ങ് പരീശീലനവും ചേലക്കര നോർത്തിൽ കൂൺ കൃഷിയുടെയും പരിശീലനവും നടത്തി. ശ്രീമതി ജയിൽ മിൽട്ടനും, ശ്രീമതി സുലോചനയും പരിശീലനത്തിന് നേതൃത്വം കൊടുത്തു.

**റോഡുകൾ നിർമ്മിച്ചു**

വെങ്ങാനെല്ലൂർ, എരിപുരം, തോന്നൂർക്കര, പടിഞ്ഞാറുമുറി, തോന്നൂർക്കര, വടക്കുമുറി എന്നീ സ്ഥലങ്ങളിൽ ജനങ്ങളുടെ സഹകരണത്തോടുകൂടി സ്ഥലങ്ങൾ വിട്ടു നല്കിയും കോറിവെയ്സ്റ്റ് ഇട്ട് സൈഡ് കെട്ടി റോഡ് പണി പൂർത്തീകരിച്ച് യാത്രയോഗ്യമാക്കി.

**കുളം വൃത്തിയാക്കി**

പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വെങ്ങാനെല്ലൂർ ഈസ്റ്റ്, വെങ്ങാനെല്ലൂർ വെസ്റ്റ്, മേപ്പാടം, തോന്നൂർക്കര, പടിഞ്ഞാറ്റുമുറി എന്നീ സ്ഥലങ്ങളിൽ 14 കുളം വൃത്തിയാക്കി വില്ലേജ് ആക്ഷൻ ടീം, ആനിമേറ്റേഴ്സ്, വാർഡ് മെമ്പർമാർ എന്നിവർ നേതൃത്വം വഹിച്ചു.

**രക്തദാന ക്യാമ്പ് നടത്തി**

സ്പെഡ് III യും IMA Blood Bank സംയുക്തമായി തോന്നൂർക്കര പാറപ്പുറം 1ൽ വച്ച് രക്തദാന ക്യാമ്പ് നടത്തി. കോർഡിനേറ്റർ ബിനിത രതീഷ്, ആഗ്നസ്, വില്ലേജ് ആക്ഷൻ ടീം എന്നിവർ നേതൃത്വം വഹിച്ചു.

**മത്സ്യതൊഴിലാളികളുടെ പദയാത്ര**

അനുതാപത്തിന്റെയും പ്രായ്ശ്ചിത്തത്തിന്റെയും അരൂപിയോടെ മത്സ്യതൊഴിലാളികൾ മാർച്ച് 15 ഞായറാഴ്ച പാലയൂരിലേക്ക് പദയാത്ര നടത്തി. അന്യ ജില്ലകളിൽ നിന്നും തമിഴ് നാട്ടിൽ നിന്നും മത്സ്യബന്ധനത്തിനായി എത്തിചേർന്ന ചാവക്കാട്, മുനക്കക്കടവ് കടപ്പുറത്ത് താമസിക്കുന്ന മത്സ്യതൊഴിലാളികലാണ് പദയാത്രയിൽ അണിനിരന്നത്. രാവിലെ താനക്കാട് സ്വാന്തനത്തീരത്ത് വി. കുർബ്ബാന അർപ്പിച്ചതിന് ശേഷം തമിഴിൽ പ്രാർത്ഥനാ മഞ്ജരികൾ ഉരുവിട്ടുകൊണ്ടാണ് മത്സ്യത്തൊഴിലാളികൾ പദയാത്രയിൽ പങ്കെടുത്തത്. സാന്ത്വനം ഡയറക്ടർ ഫാ. തോമാസ് പൂപ്പാടി, ശ്രീ. മാത്യു ഒലക്കേങ്കിൽ ശ്രീ. ജെറാൾഡ് എന്നിവർ പദയാത്രക്ക് നേതൃത്വം നൽകി.

**ഫാ. തോമസ് പൂപ്പാടി**
**ഡയറക്ടർ, സാന്ത്വനം**

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

### സി.സി. വാർത്തകൾ

1. രക്ത ദാന ക്യാമ്പ്

   തൃശ്ശൂർ സെൻട്രൽ കൗൺസിൽ യുവജന വിഭാഗത്തിന്റെ നേതൃത്വത്തിൽ തൃശ്ശൂർ ഐ.എം.എയുടെ സഹകരണത്തോടെ 15.03.2015ന് സൗജന്യ രക്ത ഗ്രൂപ്പ് നിർണ്ണയവും രക്തദാന ക്യാമ്പും നടത്തി. സി.സി. ആദ്ധ്യാത്മികോ പദേഷ്ടാവ് ഫാ. ആന്റണി ചെമ്പകശ്ശേരി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സി. സി. പ്രസിഡണ്ട് ബ്ര. കെ. എ. ഷിബു അദ്ധ്യക്ഷത വഹിച്ചു. സി. സി. വൈ. പ്രസിഡണ്ട് ബ്ര. വി. എ. തോമസ്, സിസി സെക്രട്ടറി ബ്ര. കെ. കെ. പോൾസൺ ഐ.എം.എ. ഡോ. ബാലഗോപാലൻ എന്നിവർ ആശംസ കൾ നേർന്നു. യുവജന പ്രതിനിധികളായ ബ്ര. ടി. വി. പ്രവീൺ, ബ്ര. ബെഞ്ചമിൻ മഞ്ഞളി എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. വിവിധ കോൺഫ്രൻസിൽ നിന്നുള്ള അംഗങ്ങൾ രക്തദാനം നടത്തി.

2. വലിയ നോമ്പിലെ പ്രാർത്ഥന ഉപവാസ ദിനാചരണം മാർച്ച് 8, 15 തിയ തികളിലായി സെൻട്രൽ കൗൺസിലെ 16 ഏരിയ കൗൺസിലുകളും അതതു ഫൊറോന ദേവാലയങ്ങളിൽ നടത്തി.

3. കൊട്ടേക്കാട് എ.സി. പ്രസിഡണ്ട് തെരഞ്ഞെടുപ്പ് നടത്തുന്നതിന് സി.സി. വൈ.പ്രസിഡണ്ട് ബ്ര. എം.ജെ. മാത്യുവിനെ ചുമതലപ്പെടുത്തി.

4. സി.സി. യൂത്ത് കമ്മിറ്റി കോ-ഓഡിനേറ്ററായി ബ്ര. ജോസ് ജെ. മഞ്ഞ ളിയെ നിയോഗിച്ചു.

5. 2015-2016 സംഘടനയുടെ പ്രവർത്തന രൂപ രേഖ തയ്യാറാക്കുന്നതിലേക്ക് കോൺഫ്രൻസുകളുടെയും ഏരിയ കൗൺസിലുകളുടെയും അഭിപ്രായ ങ്ങളും നിർദ്ദേശങ്ങളും സിസിയിലേക്ക് സമർപ്പിക്കുവാൻ നിർദ്ദേശം നൽകി.

| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **പോൾസൺ കെ.കെ.** |
|---|---|---|
| ആദ്ധ്യാത്മികോപദേഷ്ടാവ് | സി.സി.പ്രസിഡണ്ട് | സെക്രട്ടറി |

## ആബാ റിന്യൂവൽ സെന്റർ

**സർവ്വീസ് ടീം പുനഃക്രമീകരണം**

തൃശ്ശൂർ അതിരൂപതാ കരിസ്മാറ്റിക് നവീകരണം മുന്നേറ്റത്തിന്റെ നേതൃ

ത്വനിരയുടെ പുനഃക്രമീകരണം 2015 മാർച്ച് 6, 7 ദിവസങ്ങളിലായി ആബാ ധ്യാനകേന്ദ്രത്തിൽ വച്ചു നടന്നു.

കെ.എസ്. ടിയുടെ നേതൃത്വത്തിൽ നടന്ന പുനഃക്രമീകരണ പ്രക്രിയക്ക് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം, റവ. ഫാ. അബ്രാഹാം പള്ളിവാതുക്കൽ (മുൻ ചെയർമാൻ, കെ. എസ്. ടി) ശ്രീ. ഇടുക്കി തങ്കച്ചൻ (വൈസ് ചെയർമാൻ, കെ.എസ്.ടി) എന്നിവർ നേതൃത്വം നൽകി.

തൃശ്ശൂർ അതിരൂപത (സോൺ) കോ ഓർഡിനേറ്ററായി സാബു എം. വർഗ്ഗീസ് (കോട്ടപ്പടി) സെക്രട്ടറിയായി സി. റ്റി. സെബാസ്റ്റ്യൻ (പേരകം) ട്രഷററായി വിൻസെന്റ് ചിറയത്ത് (എറവ്) എന്നിവരേയും ജോയിന്റെ സെക്രട്ടറിയായി ബിന ജോളി, അസിസ്റ്റന്റ് ട്രഷററായി റീന റാഫേൽ, സർവ്വീസ് ടീം അംഗങ്ങളായി ഷെവലിയാർ സണ്ണി, വി. സി. ജോൺസൺ, വിജു സി.റ്റി, അൽഫോൺസ എബ്രാഹാം എന്നിവരെയും തിരഞ്ഞെടുത്തു. മുൻ കോ-ഓാഡിനേറ്റർ എം. എ. ബാബു എക്സ് ഓഫീഷ്യോ അംഗമായി തുടരും

**സബ്സോൺ സർവ്വീസ് ടീമുകളുടെ സംഗമം**

അതിരൂപതയിലെ എല്ലാ ഫൊറോനകളിലേയും (സബ്സോൺ) പഴയതും, പുതിയതുമായ സർവ്വീസ് ടീമുകളുടെ കൂട്ടായ്മ 2015 മാർച്ച് 28 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ ആബാ ധ്യാനകേന്ദ്രത്തിൽ നടത്തി. ജപമാലയോടെ ആരംഭിച്ച കൂട്ടായ്മയിൽ ഡയറക്ടർ ഫാ. ഷാജൻ തേർമഠം സന്ദേശം നൽകി.

പാലയൂർ സബ്സോൺ ആനിമേറ്റർ റവ. ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ വി. ബലിയർപ്പിച്ചു. കോ. ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, സെക്രട്ടറി സി.ടി. സെബാസ്റ്റ്യൻ, മുൻ കോ ഓർഡിനേറ്റർ ബാബു എം. എ എന്നിവർ മറ്റു ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**പുതിയ ഫൊറോന (സബ് സോൺ) കോ–ഓാഡിനേറ്റേഴ്സ്**

മെട്രോപോളിറ്റൻ : ആൻഡ്രൂസ് എ. ആർ, കൊട്ടേക്കാട് : മേജോ സി. ജേക്കബ്ബ്, പുത്തൂർ : ജോർജ്ജ് ചാണ്ടി, പട്ടിക്കാട് : വർഗ്ഗീസ് വട്ടംകാട്ടിൽ, എരുമപ്പെട്ടി : ബാബു പി.വി, വടക്കാഞ്ചേരി : ജീസൻ കോലഴി കണ്ടശ്ശാംകടവ് : ജോസ് കെ. മാണി കെ. പി., ചേലക്കര : ജോർജ്ജ് മേനാച്ചേരി മറ്റം : ബൈജു വി. കെ. പറപ്പൂർ : ജോൺസൺ സി.ഡി., പുതുക്കാട് : ഷാജു പുളിക്കൻ ഒല്ലൂർ : ജെയ്സൺ സി. എ. പഴുവിൽ : ടോണി തയ്യാലയ്ക്കൽ ബസലിക്ക : സ്റ്റാൻലി സി. കെ. പാലയൂർ : സി. കെ. ലാസർ, വേലൂർ : ജെയിംസ് മൽപാൻ

**ഫാ. ഷാജൻ തേർമഠം**
ഡയറക്ടർ

**സാബു എം. വർഗ്ഗീസ്**
കോ-ഓർഡിനേറ്റർ

# ഫ്രാൻസിസ്കൻ അത്മായസഭ

സമാധനവും സൗഭാഗ്യവും

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ എക്സിക്യൂട്ടീവ് യോഗം 18.03.2015 ബുധനാഴ്ച 5 pm കാൽവരി ആശ്രമത്തിൽ പ്രസിഡണ്ട് പി.ഐ. സൈമൺ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽ ഫാ. ജോബി മേരീസൺ പ്രാർത്ഥന നയിച്ചു. സണ്ണി വടക്കൻ സ്വാഗതം പറഞ്ഞു. ഫെബ്രുവരി 1 മാർച്ച് മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. എല്ലാ യൂണിറ്റുകളിലും അടുത്ത മൂന്നു വർഷത്തേയ്ക്കുള്ള തെരഞ്ഞെടുപ്പ് ജൂൺ മാസം 30നകം നടത്തേണ്ടതാണ്. റീജിയൻ കമ്മിറ്റി അതിനുള്ള ക്രമീകരണങ്ങൾ വികാരിയച്ചന്മാരുമായി ആലോചിച്ച് തീരുമാനിക്കേണ്ടതാണ്.

അതിരൂപത പ്രവർത്തനഫണ്ട്, ഏപ്രിൽ 30നകം അടച്ച് തീർക്കേണ്ടതാണ്. 50% യൂണിറ്റിന്, 25% റീജിയൻ, 25% അതിരൂപത കമ്മിറ്റി എന്ന വിധത്തിലാണ് ഫണ്ടുകൾ വീതിക്കേണ്ടത്.

യോഗത്തിൽ ഫ. പോൾ അടമ്പുകുളം ഫാ ഫ്രാൻസീസ് എടാട്ടുകാരൻ, പാ. ജോബി മേരീസൺ, സി.റോസിലിൻ എഫ്.സി. സി., സണ്ണി വടക്കൻ, ടി. എ. ഫ്രാൻസീസ് എന്നിവർ നേതൃത്വം നൽകി. ഡോ. ജെറി ജോസഫ് യോഗത്തിന് നന്ദി പറഞ്ഞു. 7 pm പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

യേശുവിൽ എളിയ സഹോദരൻ

**വി.സി. സണ്ണി,** സെക്രട്ടറി

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**1. സദ്ഗമയ 2015**

സർക്കാരിന്റെ മദ്യനയം പുനഃപരിശോധിക്കണമെന്നും സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അതിരൂപത മദ്യവിരുദ്ധ സമിതി സംഘടിപ്പിച്ച സദ്ഗമയ - 2015 എന്ന വാഹന പ്രചരണ ജാഥ വിജയകരമായി പര്യവസാനിച്ചു. മാർച്ച് 21-ാം തിയതി ശനിയാഴ്ച 4 മേഖലകളിലായി നൂറോളം കേന്ദ്രത്തിൽ പര്യടനം പൂർത്തിയാക്കി, ബോധവൽക്കരണം നടത്തി. ജാഥകളുടെ ഉദ്ഘാടനം നിർവ്വഹിച്ചതിന് മാർ ആൻഡ്രൂസ് താഴത്ത് പിതാവാണ്. രാവിലെ 8 മണിക്ക് തൃശ്ശൂർ മെത്രാസന മന്ദിരാങ്കണത്തിൽ നിന്ന് ആരംഭിച്ച പ്രയാണം വൈകീട്ട് 5 മണിക്ക് കോർപ്പറേഷന്റെ മുന്നിൽ സമാപിച്ചു. മാർ അപ്രേം മെത്രാപ്പോലീത്ത മുഖ്യാതിഥിയായി പങ്കെടുത്ത് സമ്മേളനം സമ്പന്നമാക്കി.സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിള സമാപന സന്ദേശം നൽകി. ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, പ്രസിഡണ്ട് ശ്രീ. ജോസ് ആലപ്പാട്ട്, സെക്രട്ടറി ശ്രീ. തോമസ് ചിറമ്മൽ സംസ്ഥാന

സെക്രട്ടറി ശ്രീ. ജയിംസ് മുട്ടിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. പരിപാടികൾക്ക് നേതൃത്വം നൽകിയ മേഖല കൺവീനർമാർക്കും ക്യാപ്റ്റന്മാർക്കും പ്രത്യേക അഭിനന്ദനങ്ങൾ! സഹകരിച്ച വികാരിയച്ചന്മാർക്ക് ഏറെ നന്ദി.

**2. വനിതാ സംഗമം**

മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ പാസ്റ്ററൽ സെന്ററിൽവെച്ച് 11.04.15 ശനിയാഴ്ച വനിതാ സംഗമം സംഘടിപ്പിച്ചു. വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്ത പ്രസ്തുത പരിപാടിയിൽ വനിതാ വിഭാഗം പ്രസിഡണ്ട് ശ്രീമതി പ്രേമ മൈക്കിൾ അദ്ധ്യക്ഷയായി. പ്രശസ്ത സാമൂഹ്യ പ്രവർത്തകയായ ഷീബ അമീർ, കൗൺസിലർ അന്നം ജോൺ, ഡയറക്ടറച്ചൻ, മോനി ലാസർ തുടങ്ങിയവർ പ്രസംഗിച്ചു. മാതൃവേദിയുടെ ദേശീയ ജനറൽ സെക്രട്ടറിയായ ശ്രീമതി ലിസി വർഗ്ഗീസാണ് ക്ലാസ്സെടുത്തത്. നൂറോളം അമ്മമാർ പങ്കെടുക്കുകയുണ്ടായി.

**3. മദ്യവിരുദ്ധ പ്രഭാഷണങ്ങൾ**

ഈസ്റ്റർ മദ്യവിമുക്തമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ വലിയ നോമ്പുകാലത്ത് ആറമ്പിള്ളി, പൂച്ചുണ്ണിപ്പാടം, പെരിഞ്ചേരി, ഇരവിമംഗലം, ചിറയ്ക്കൽ, കൂനംമൂച്ചി എന്നീ പള്ളികളിൽ ഡയറക്ടറച്ചൻ മദ്യവിരുദ്ധ പ്രഭാഷണങ്ങൾ നടത്തി.

4. അതിരൂപത മദ്യവിരുദ്ധ സമിതിയുടെ വാർഷിക പദ്ധതി പ്രകാരം മെയ് 9ന് യുവജനങ്ങൾക്കും മെയ് 30ന് സന്യസ്തർക്കും വേണ്ടി മദ്യവിരുദ്ധ ബോധവൽക്കരണ സംഗമങ്ങൾ സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

| | | |
|---|---|---|
| **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** | **ജോസ് ആലപ്പാട്ട്** | **തോമസ് ചിറമ്മൽ** |
| ഡയറക്ടർ | പ്രസിഡണ്ട് | സെക്രട്ടറി |

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 685-ാമതും കൂരിയായുടെ 698-ാംമതും സമ്മേളനം 2015 ഏപ്രിൽ 12ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രസിഡണ്ട് കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പ്രാരംഭപ്രാർത്ഥനയോടും, ജപമാലയോടും കൂടി ആരംഭിച്ചു. നിയമഗ്രന്ഥത്തിൽ നിന്ന് ബ്ര. പ്രസിഡണ്ട് ജ്ഞാനവായന നടത്തിയതിനുശേഷം മരിയ സൈനികരെ സ്വാഗതം ചെയ്തു.

സെക്രട്ടറി ബ്ര. പി.സി. കുരിയപ്പൻ മുൻ മാസ റിപ്പോർട്ടും, ട്രഷറർ ബ്ര. എ.ജെ. വിൻസെന്റ് വരവ്-ചിലവ് കണക്കും അവതരിപ്പിച്ചത് അംഗീകരിച്ചു. മാർച്ച് 8ന് നടന്ന ആച്ചിയസ് ചടങ്ങിനെ വിലയിരുത്തി സംസാരിച്ചു. ആച്ചി

യസ് വരവ്-ചിലവ് കണക്കും വായിച്ച് അംഗീകരിച്ചു.

വൈസ് പ്രസിഡണ്ട് സി. എൽസി ചുമ്മാർ ഹാജർ വിളിച്ചു. പാവറട്ടി, ചേർപ്പ്, കൂരിയായിൽ നിന്നും ഡോളേഴ്സ്, അരിമ്പൂർ, വാടാനപ്പിള്ളി, വടക്കാഞ്ചേരി, അയ്യന്തോൾ, വേലൂർ പ്രസീദിയങ്ങളിൽ നിന്നുള്ളവർ ഹാജരുണ്ടായിരുന്നില്ല. വിയ്യൂർ നിത്യസഹായനാഥ ദേവാലയത്തിലെ കാരുണ്യനാഥ, പ്രസീദിയത്തിലെ പുതിയ ഭാരവാഹികളായി പ്രസിഡന്റ് സി. സിബി മേജോ, വൈസ് പ്രസിഡന്റ് സി. ജോബി ഡെയ്സൺ, സെക്രട്ടറി സി. സിസി മനോജ്, ട്രഷറർ സി. ഷീബ വർഗ്ഗീസ് എന്നിവരെ ആദ്ധ്യാത്മിക നിയന്താവ് റവ.ഡോ. ജോബ് പടയാറ്റിലിന്റെ അദ്ധ്യക്ഷതയിൽ 14.03.2015 കൂടിയ യോഗത്തിൽ വെച്ച് തിരഞ്ഞെടുത്ത നിയമനം കമ്മീസിയം അംഗീകരിച്ചു.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ.ഡോ. ജോൺ മൂലൻ പ്രഭാഷണം നടത്തി. യേശുവിന്റെ പുനരുദ്ധാരണത്തിനുശേഷം വരുന്ന ആദ്യഞായർ പുതുഞായറായി സഭയിൽ ആചരിക്കുന്നു. പുതുഞായറിന്റെ ആശംസകൾ ഏവർക്കും  നേരുകയുണ്ടായി. ഭൂമിയിൽ അഴിയാത്ത രണ്ട് ശരീരമാണ് യേശുവിന്റേയും പരി. അമ്മയുടെയും. മാതാവിന്റെയും യേശുവിന്റെയും മൃതസംസ്കാരസമയത്ത് ഇല്ലാതിരുന്ന അപ്പസ്തോലനയാ വി. തോമസ് കല്ലറയിൽ വന്ന സമയത്ത് മൃതശരീരം കാണായ്കയാൽ കണ്ടതിനുശേഷമെ വിശ്വസിക്കു എന്ന നിർബന്ധം പറഞ്ഞ വി. തോമസിന് മുൻപാകെ പ്രത്യക്ഷപ്പെടുകയും വിശ്വാസത്തിൽ ആഴപ്പെടാൻ പ്രവർത്തിച്ച വ്യക്തി കൂടിയാണ് വി. തോമസ്. മുറിവുകളെ തിരുമുറിവുകളാക്കാനും തിരുമുറിവുകളെ തിരുശേഷിപ്പുകളാക്കുമ്പോൾ നാം ബന്ധപ്പെടുന്നവർക്ക് ആശ്വാസം ലഭിക്കും. വി. തോമസ് ശ്ലീഹയുടെ വിശ്വാസ ചൈതന്യത്തിൽ മറ്റുള്ളവർക്ക് വേണ്ടി മുറിയപ്പെടാനും അമ്മയുടെ പരിശുദ്ധിയിൽ നമ്മുടെ ഓരോരുത്തരുടേയും കുടുംബത്തിൽ  വളരുന്നതിനും പരിശ്രമിക്കണം. യേശുവിന്റെ സ്വർഗ്ഗാരോഹണവും പരി. അമ്മയുടെ സ്വർഗ്ഗാരോപണവും ഓരോ മരിയ സൈനികർക്കും ശക്തിപകരട്ടെ എന്ന് പറഞ്ഞുകൊണ്ട് പ്രഭാഷണം അവസാനിപ്പിച്ചു.

ലീജിയൻ ഓഫ് മേരി സംഘടനയുടെ പ്രവർത്തനമായ ഭവന സന്ദർശനം കൂടുതൽ ശക്തമാക്കുന്ന വിധത്തിൽ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അഭിവന്ദ്യ പിതാവ് അറിയിച്ചത് ബഹു. ആദ്ധ്യാത്മിക നിയന്താവ് അറിയിച്ചു. ലീജിയൻ ഇല്ലാത്ത ഇടവകകളിൽ പ്രസീദിയം ആരംഭിക്കുന്നതിനായി ബഹു. മൂലനച്ചൻ പ്രത്യേക നിർദ്ദേശം നൽകുകയും ചെയ്തു.

സെന്റ് ആൻസ് ഇടവകയിലെ പ്രസീദിയത്തിന്റെ 6 മാസ റിപ്പോർട്ട് അവതരിപ്പിച്ചു. മെയ് മാസം മുതൽ കമ്മീസിയം മീറ്റിംഗ് 2.30ന് മാസത്തിലെ ഒന്നാം ഞായറാഴ്ചകളിലായിരിക്കുമെന്ന് പ്രസിഡന്റ് അറിയിച്ചു. അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവാദത്തിനുശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

കമ്മീസിയം സെക്രട്ടറി

**പി.സി. കുരിയപ്പൻ**

# മാതൃസംഘം

അതിരൂപത മാതൃസംഘത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 26-ാം തിയതി പുത്തൻപാന മത്സരം നടത്തി. 60 പള്ളികളിൽ നിന്നായി അമ്മമാർ പങ്കെടുത്തു.

1-ാം സമ്മാനം : മിസ്സിസ് ജൂലി ടിസറന്റ് (*വേലൂർ*) 2-ാം സമ്മാനം: ബേബി ജോസ് (*മഡോണ നഗർ*) 3-ാം സമ്മാനം : ആനി ജോസ് (*ചൂണ്ടൽ*), ലൂസി പോൾ (*പൂത്തറയ്ക്കൽ*) പ്രോത്സാഹന സമ്മാനം: (1) ലിസി ഫ്രാൻസീസ് (*നെല്ലിക്കുന്ന്*) (2) സുനിത ജോഷി (*ഗുരുവായൂർ*) (3) ബിന്ദു ആന്റോ (*ചേർപ്പ്*) (4) ത്രേസ്യാമ്മ ലോനപ്പൻ (*തൈക്കാട്ടുശ്ശേരി*) (5)ഡെയ്സി മാത്യു (*സെന്റ് ആൻസ്*) (6) ടെസ്സി ജോയ് (*മണലൂർ ഈസ്റ്റ്*) (7)ബേബി ജോണി (*മരിയാപുരം*) (8) ഡെൻസി ജോൺസൺ (*പെരിഞ്ചേരി*) (9) പ്രിൻസി പാവു (*എരവിമംഗലം*) (10) ലിസി ജോസ് (*കൂനംമൂച്ചി*)

മെയ് മാസം 12-ാം തിയതി 9.00 മണി മുതൽ ക്രിസ്തീയ മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു സ്കിറ്റ് മത്സരം നടത്തുന്നു. മെയ് 19ന് മിശ്രവിവാഹത്തെക്കുറിച്ചുള്ള ഒരു അവലോകനപഠനം ഉച്ചക്ക് 1.30 മുതൽ നടത്തുന്നു.

| | | |
|---|---|---|
| **ശ്രീമതി ലീല മാത്യു** | **ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ** | **ഫാ. ലോറൻസ് തൈക്കാട്ടിൽ** |
| പ്രസിഡന്റ് | അസി.ഡയറക്ടർ | ഡയറക്ടർ |

# കുടുംബക്കൂട്ടായ്മ

### 1. മാർ ജോസഫ് കുണ്ടുകുളം മെമ്മോറിയൽ സെമിനാർ

ആധുനിക തൃശ്ശൂർ അതിരൂപതയുടെ ശിൽപി പുണ്യചരിതനായ മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ സ്മരണയ്ക്കായ് നടത്തുന്ന സെമിനാർ 2015 ഏപ്രിൽ 25ന് പ്രത്യേക പരിപാടികളോടെ നടത്തപ്പെട്ടു.

അഭിവന്ദ്യപിതാവ് ഉദ്ഘാടനം ചെയ്ത സെമിനാറിൽ റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ, അഡ്വ. ചാർളി പോൾ എന്നിവർ മാർ ജോസഫ് കുണ്ടുകുളം പിതാവും സാമൂഹ്യ സമർപ്പണവും, ഘർവാപസി- ഐക്യഭാരതത്തിനു ഭീഷണി എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചു.

### 2. കുടുംബക്കൂട്ടായ്മ - മെയ്മാസ പരിപാടികൾ

അതിരൂപത കുടുംബക്കൂട്ടായ്മ വാർഷിക പദ്ധതിയിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ മെയ്മാസത്തിൽ പരി. അമ്മയോടുള്ള പ്രത്യേക വണക്ക

ത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള പ്രോഗ്രാമുകൾക്ക് യൂണിറ്റടിസ്ഥാന ത്തിൽ സംഘടിപ്പിക്കാൻ പരിശ്രമിക്കണേ.

കുടുംബസമ്മേളന യൂണിറ്റുകൾ നേതൃത്വം നൽകി ഇടവകാടിസ്ഥാന ത്തിൽ കരിയർ ഗൈഡൻസ് ക്ലാസ്സുകൾ സംഘടിപ്പിക്കുമല്ലോ.

യൂണിറ്റടിസ്ഥാനത്തിൽ അടുക്കള കൃഷിതോട്ടങ്ങൾക്ക് പ്രോത്സാഹനം നൽകാൻ മെയ്മാസത്തിൽ ശ്രദ്ധിക്കണം.

**3. നേതൃത്വപരിശീലനം**

ഓരോ കുടുംബക്കൂട്ടായ്മ യൂണിറ്റുകളിൽ നിന്നും നേതൃത്വ താല്പര്യവും കഴിവും ഉള്ള രണ്ടു വ്യക്തികളുടെ പേരുകൾ (1 പുരുഷൻ, 1 സ്ത്രീ) നൽകാ ത്തവർ എത്രയും പെട്ടെന്ന് അവ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹു. വികാരിയച്ചന്റെ പ്രത്യേക സഹായവും നേതൃത്വവും ഈ കാര്യത്തിലുണ്ടാ കണേ.

മെയ് മാസാശംസകളോടെ,

അഡ്വ.സി.ജെ ഡെന്നി
ജനറൽ കൺവീനർ

ഫാ.ലോറൻസ് തൈക്കാട്ടിൽ
ഡയറക്ടർ

ശ്രീ. ആന്റണി എ.എ.
ജനറൽ സെക്രട്ടറി

ഫാ.വർഗ്ഗീസ് തരകൻ
അസോ.ഡയറക്ടർ

## വി. ജോൺ പോൾ പ്രൊലൈഫ് മൂവ്മെന്റ്

**ഏകദിന സെമിനാറുകളും ആരാധനയും**

ജീവന്റെ മൂല്യത്തെക്കുറിച്ചും ജീവൻ സംരക്ഷിക്കേണ്ടതിന്റെ ആവശ്യക തയെക്കുറിച്ചും അവബോധമുളവാക്കുന്ന സെമിനാറുകളും ആരാധനയും വിവിധ ഇടവകകളിൽ നടത്തിവരുന്നു. നടത്താൻ ആഗ്രഹമുള്ള ഇടവകക ളിലെ ബഹു. വികാരിയച്ചന്മാർ ഫാമിലി അപ്പസ്തോലേറ്റ് സെന്ററുമായി ബന്ധ പ്പെടുക.

**പ്രോലൈഫ് പ്രവർത്തകരുടെ സമ്മേളനം**

പ്രൊലൈഫ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരും പ്രോലൈഫ് പ്രവർത്തനങ്ങളോട് ആഭിമുഖ്യമുള്ളവരുമായ എല്ലാവരുടേയും സമ്മേളനം 2015 മെയ് 9ന് ഉച്ചകഴിഞ്ഞ് 2.30ന് തൃശ്ശൂർ അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. ബഹു. വികാരിയച്ചന്മാർ ഈ കാര്യം പരസ്യപ്പെടുത്തി താല്പര്യമുള്ളവരെ പറഞ്ഞുവിടുമല്ലോ.

ശ്രീ. ഇ.സി ജോർജ്ജ് മാസ്റ്റർ
പ്രൊലൈഫ് അതിരൂപത
കോർഡിനേറ്റർ

ഫാ.ലോറൻസ് തൈക്കാട്ടിൽ
ഡയറക്ടർ

ശ്രീ.ജെയിംസ് ആഴ്ച്ചങ്ങാടൻ
പ്രസിഡന്റ്

# കേരള ലേബർ മൂവ്മെന്റ്

**അതിരൂപത പതാകദിനാചരണം**

കേരള ലേബർ മൂവ്മെന്റ് അതിരൂപത പതാക ദിനവും അംഗത്വ വിതരണ ഉദ്ഘാടനവും മാർച്ച് 19 ന് തെക്കൻ മേഖലയിലെ വെണ്ടോർ സെന്റ് മേരീസ് പള്ളിയിൽ വെച്ച് ആചരിച്ചു. രാവിലെ 8 മണിക്ക് ദിവ്യബലിയർപ്പണത്തിനും, തുടർന്ന് നടന്ന പതാക ഉയർത്തലിനും KLM അതിരൂപത ഡയറക്ടർ ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ നേതൃത്വം നൽകി. തുടർന്ന് നടന്ന യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് ശ്രീ. സ്റ്റീഫൻ മഞ്ഞളി അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ആമുഖ പ്രഭാഷണവും യൂണിറ്റ് ഡയറക്ടർ റവ. ഫാ.ആന്റോ കാഞ്ഞിരത്തിങ്കൽ അനുഗ്രഹപ്രഭാഷണവും നടത്തി. അതിരൂപത അംഗത്വവിതരണോദ്ഘാടനം, യൂണിറ്റ് പ്രസിഡന്റിന് അംഗത്വരശീതി നൽകികൊണ്ട് അതിരൂപത പ്രസിഡന്റ് നിർവ്വഹിച്ചു.അതിരൂപത പ്രസിഡന്റ് ശ്രീ. N.K. രാജു, തെക്കൻ മേഖല പ്രസിഡന്റ് ശ്രീ. ലോനപ്പൻ വടാശ്ശേരി അതിരൂപത കൗൺസിലർ ശ്രീ. C.P. തോമസ് എന്നിവർ പരിപാടികൾക്ക് ് നേതൃത്വം നൽകി.

അസംഘടിത തൊഴിലാളികൾക്ക് ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ഇടവകാതിർത്തിയിലുള്ള ജനങ്ങൾക്ക് വാങ്ങികൊടുക്കുവാൻ ഇടവകയിൽ KLM പ്രവർത്തകരുടെ കൂട്ടായ്മയോടെയുള്ള പ്രവർത്തനം അത്യാവശ്യമാണെന്ന് ആന്റോ അച്ചൻ പറഞ്ഞു.

അതിരൂപത ഭാരവാഹികൾ, മേഖല ഭാരവാഹികൾ, അയൽ യൂണിറ്റുകളിലെ അംഗങ്ങൾ, വെണ്ടോർ ഇടവകാംഗങ്ങൾ, KLM യൂണീറ്റംഗങ്ങൾ എന്നിവർ പരിപാടികളിൽ സജീവമായി പങ്കെടുത്തിരുന്നു. തുടർന്ന് സ്നേഹവിരുന്നും നടത്തി.

അതിരൂപതയിലെ കേരള ലേബർ മൂവ്മെന്റ് പ്രവർത്തിക്കുന്ന എല്ലാ ഇടവകകളിലും പതാകദിനാചരണവും അംഗത്വവിതരണവും നടത്തി. തുടർന്ന് സന്തോഷസൂചകമായി മധുരപലഹാര വിരണവും നടത്തി.

**പുതിയ യൂണിറ്റ് രൂപീകരണപ്രവർത്തനങ്ങൾ**

പുതിയ യൂണിറ്റ് രൂപീകരിക്കുന്നതിന്റെ ഭാഗമായുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ വടക്കൻ മേഖലയിൽ ഉൾപ്പെട്ട ചേലക്കര ഫൊറോനയിലെ എളനാട് സെന്റ്. ആൻസ് പള്ളിയിൽ റവ. ഫാ. ഫ്രാങ്കോ പുത്തിരിയുടെ സഹായത്തോടെയും, പങ്ങാരപ്പിള്ളി സെന്റ്. ജോസഫ് പള്ളിയിൽ റവ. ഫാ. ടെഡ്സ് കുന്നപ്പിള്ളിയുടെ നേതൃത്വത്തിലും, മണലാടി

സെന്റ്. ജോസഫ് പള്ളിയിൽ റവ. ഫാ. ആന്റോ ഒല്ലൂക്കാരന്റെ നേതൃത്വത്തിലും പടിഞ്ഞാറൻ മേഖലയിലെ മറ്റം ഫൊറോന അതിർത്തിയിലെ ആളൂർ സെന്റ്. സെബാസ്റ്റ്യൻ പള്ളിയിൽ റവ. ഫാ. തോമസ് വേലൂക്കാരന്റെ നേതൃത്വത്തിലും തുടങ്ങി വെച്ചു.

യൂണീറ്റ് രൂപീകരണ പ്രവർത്തനങ്ങൾക്ക് വടക്കൻ മേഖല പ്രസിഡന്റ് ശ്രീ. ജോയി വാഴപ്പിള്ളി, കേരള ചെറുകിട തോട്ടം തൊഴിലാളി ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ബാബു ജേക്കബ്ബ്, ചേലക്കര ഫൊറോന കൺവീനർ ശ്രീമതി. ലൗലി ടീച്ചർ എന്നിവരാണ് നേതൃത്വം നൽകിയത്.

**മെയ്ദിനാഘോഷ കമ്മിറ്റി 2015**

ഈ വർഷത്തെ കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിലുള്ള മെയ്ദിനാഘോഷം തെക്കൻ മേഖലയിൽപെട്ട മരത്താക്കര ഇടവകയിലെ ശ്രീ. ആന്റണി വാഴപറമ്പന്റെ മരിയ ബ്രിക്ക്സ് എന്ന ഇഷ്ടിക നിർമ്മാണ തൊഴിൽ സ്ഥാപനത്തിൽ വെച്ച് നടത്തുന്നതിന് മെയ്ദിനാഘോഷ കമ്മിറ്റി രൂപീകരിച്ചു.

മാർച്ച് 21 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 5 മണിക്ക് മരത്താക്കര മേരി ഇമാക്കുലേറ്റ് പള്ളി ഹാളി വെച്ച് വികാരി റവ. ഫാ.ജോസ് തെക്കേക്കരയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ചാണ് കമ്മിറ്റി രൂപീകരണം നടന്നത്. യോഗത്തിൽ KLM അതിരൂപത ഡയറക്ടർ റവ. ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ ആമുഖ പ്രഭാഷണവും, മരത്താക്കര അസി. വികാരി ഏബിൾ ചിറമ്മൽ ആശംസ പ്രസംഗവും നടത്തി. ശ്രീ. ഡേവീസ് തരകൻ, ശ്രീ.ച.ഗ. രാജു, മരിയ ബ്രിക്ക്സ് ഉടമ ആന്റണി വാഴപറമ്പൻ എന്നിവർ പ്രസംഗിച്ചു.

മെയ്ദിനത്തിന്റെ വിജയകരമായ നടത്തിപ്പിനായി 101 അംഗ കമ്മിറ്റി രൂപീകരിച്ചു.

**ജൂൺ മാസങ്ങളിലെ പരിപാടികൾ**

**ജൂൺ**: ജൂൺ 7 ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് വടക്കൻ മേഖലയിലെ കരുമത്ര ആരോഗ്യമാത ദൈവാലയ ഹാളിൽ വെച്ച്, കാത്തലിക് ലേബർ അസോസിയേഷൻ (CLA) സ്ഥാപക ഡയറക്ടർ ജെനേസിയൂസച്ചന്റെ അനുസ്മരണ സമ്മേളനം നടത്തുന്നു.

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ**
ഡയറക്ടർ - കെ. എൽ. എം. തൃശ്ശൂർ
ഫോൺ - 9447615196

**വർഗീസ് കെ. വി**
സെക്രട്ടറി, കെ. എൽ. എം.
ഫോൺ - 9400765419

# ചിൽഡ്രൻസ് മിനിസ്ട്രി
**0487-2325336, 9947582522**

- **Angelos 2015**

അതിരൂപതാ തലത്തിൽ ഈ വർഷം ആദ്യ കുർബ്ബാന സ്വീകരിച്ചവർക്ക് 2015 മെയ് 17ന് ഞായറാഴ്ച ഉച്ചതിരിഞ്ഞ് 1.30 ന് മുതൽ 4.30 വരെ സെന്റ് ജോസഫ് മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ കുരിയച്ചിറയിൽ സ്വീകരണം നൽകുന്നു. ഓരോ ഇടവകയിൽ നിന്നും പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം ഏപ്രിൽ 30-ാം തിയതിക്കുമുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളി ച്ചറിയിക്കേണ്ടതാണ് (കൂടുതൽ വിവരങ്ങൾക്ക് 0487 - 2325336, 9947582522, 8547250833)

**ചിൽഡ്രൻസ് മിനിസ്ട്രി പ്രവർത്തന കാലഘട്ട ഉദ്ഘാടനവും ആനിമേറ്റേഴ്സ് സംഗമവും**

2015 ജൂൺ 20ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ 4 മണിവരെ ഡി. ബി. സി.എൽ. സിയിൽ വെച്ച് ചിൽഡ്രൻസ് മിനിസ്ട്രി പ്രവർത്തകാലഘട്ട ഉദ്ഘാടനവും ആനിമേറ്റേഴ്സ് സംഗമവും നടത്തപ്പെടുന്നു. തിരുബാലസഖ്യം, ജൂനിയർ സി. എൽ. സി. , അൾത്താര സംഘം എന്നീ സംഘടനകളുടെ ആനിമേറ്റേഴ്സും പ്രമോട്ടേഴ്സും നിർബന്ധമായും ഈ സംഗമത്തിൽ പങ്കെ ടുക്കേണ്ടതാണ്. ഉച്ചഭക്ഷണം ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 70/- പങ്കെടുക്കുന്ന ആനിമേറ്റർമാരുടെ എണ്ണം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീ സിൽ വിളിച്ചറിയിക്കേണ്ടതാണ്. (ഫോൺ :0487 2325336, 8547250833, 9947582522)

- **Parents and Leaders Meet - 2015**

തിരുബാലസഖ്യം, ജൂനിയർ സി. എൽ. സി, അൾത്താരസംഘം എന്നീ സംഘടനകളിൽ 2015-2016 പ്രവർത്തന കാലഘട്ടത്തിൽ പുതുതായി തിര ഞ്ഞെടുക്കപ്പെട്ട അതിരൂപത ഫൊറോന ഭാരവാഹികൾക്കും അവരുടെ മാതാ പിതാക്കൾക്കുമായി മെയ് 5ന് ശനിയാഴ്ച 1.30 മുതൽ 4.30 വരെ ഡി.ബി.സി. എൽ.സിയിൽ വെച്ച് ഒരു അർദ്ധ ദിന സെമിനാർ സംഘടിപ്പിച്ചിരിക്കുന്നു. നിർബന്ധമായും എല്ലാ ലീഡേഴ്സും അവരുടെ മാതാപിതാക്കളും എത്തി ച്ചേരേണ്ടതാണ്. അന്നേദിവസം ഓരോ ഭാരവാഹികൾക്കും ടാഗ് നൽകുന്ന താണ്.

# ജൂനിയർ സി.എൽ.സി.

● **MCL (മരിയൻ കാരംസ് ലീഗ്)**

2015 മെയ് 18 മുതൽ 28 വരെയുള്ള തിയതികളിലായി ഡി.ബി.സി. എൽ. സിയിൽ വെച്ച് ജൂനിയിർ സി. എൽ.സി. അംഗങ്ങൾക്കായി MCL നടത്തപ്പെടുന്നു. 8-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് ഉൾപ്പെടെയുള്ള മതബോധന വിദ്യാർത്ഥികൾക്കുവേണ്ടിയാണ് ഈ ടൂർണ്ണമെന്റ് ഒരുക്കിയിരിക്കുന്നത്. രജിസ്ട്രർ ചെയ്യാത്ത യൂണിറ്റുകൾ 100 രൂപ അടച്ച് നിങ്ങളുടെ യൂണിറ്റ് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ഒരു ഇടവകയിൽ നിന്നും 3 പേർ അടങ്ങുന്ന ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും രണ്ടു ടീമുകൾ മാത്രമേ മത്സരത്തിൽ ഉടനീളം പങ്കെടുക്കാൻ സാധിക്കൂ.

ഏപ്രിൽ 25ന് മുമ്പ് തന്നെ ഇടവകയിലെ ലെറ്റർപാഡിൽ വികാരിയച്ചന്റെ ഒപ്പും സീലോടും കൂടി പങ്കെടുക്കുന്ന കുട്ടികളുടെ പേരും മതബോധന ക്ലാസ്സും എഴുതി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നൽകേണ്ടതാണ്. ഒരു കുട്ടിക്ക് 20 രൂപ നിരക്കിൽ പേര് രജിസ്ട്രർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്ന ജൂനിയർ സി. എൽ. സി. ബാഡ്ജ്, ഐഡന്റിറ്റി കാർഡ് എന്നിവ നിർബന്ധമാണ്. കൂടുതൽ വിവരങ്ങൾക്ക് 25 ഏപ്രിൽ 2 മണി മുതൽ 4 മണി വരെ ഡി. ബി. സി. എൽ. സിയിൽ വെച്ച് നടക്കുന്ന മീറ്റിംഗിൽ ടീം ക്യാപ്റ്റന്മാർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## പ്രാർത്ഥിക്കാൻ....... പ്രവർത്തിക്കാൻ - ഏപ്രിൽ 2014

**തിരുവചനപഠനം** : 'ആത്മാവില്ലാത്ത ശരീരം മൃതമായിരിക്കുന്നതുപോലെ പ്രവൃത്തി കൂടാതെയുള്ള വിശ്വാസം മൃതരാണ്' (യാക്കോബ് 2:26)

**സുകൃത ജപം** : ഈശോയെ എന്നെ സ്നേഹിക്കാൻ പഠിപ്പിക്കണമേ.

**പ്രാർത്ഥന നിയോഗം** : മദ്യത്തിനും മയക്കുമരുന്നിനും അടിമയായിട്ടുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുക.

**പ്രവർത്തനം** : മുടങ്ങാതെ ജപമാല എത്തിക്കുക.

**പരിചയപ്പെടുത്തുന്ന വിശുദ്ധൻ**: വി. നോബർട്ട്

കോഡിനേറ്റർ
**സി.മിനി SSPC**

ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ
**ഫാ. ജിജോ കപ്പിലാംനിരപ്പേൽ**

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ഈസ്റ്റർ ആശംസകളും, പ്രാർത്ഥനാമംഗളങ്ങളും എല്ലാ CNGI അംഗങ്ങൾക്കും നേരുന്നു. 215 ഏപ്രിൽ 11 ശനിയാഴ്ച വൈകീട്ട് 2 മണിയ്ക്ക് ബിഷപ്പ് ഹൗസിൽ നടന്ന ഏകോപനസമിതിയിൽ CNGI വൈസ് പ്രസിഡന്റ് സി. ലിസറ്റ് സി. എം. സി. സെക്രട്ടറി, സി. റൊസീന എഫ്. സി. സി. പങ്കെടുക്കുകയും, ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

2015 മെയ് 12 International Nurses day Theme : 2015 : 'A Force For Change : Care effective, Cost effective'

ഈ ദിനത്തിൽ എല്ലാ ഹോസ്പിറ്റലുകളിലും, സ്ഥാപനങ്ങളിലും, ഇടവകതലത്തിലും നേഴ്സുമാരെ ആദരിച്ച്, ഉചിതമായ രീതിയിൽ ആഘോഷിക്കുവാൻ ഓർമ്മിപ്പിക്കുന്നു. കനിവിന്റെ മാലാഖമാരായ നേഴ്സുമാർ, ദൈവസാന്നിദ്ധ്യത്തിന്റെ സ്നേഹത്തിന്റെ പ്രതീകമായി. വിലയേറിയ ശുശ്രൂഷകൾ കാഴ്ചവെയ്ക്കുവാൻ ആശംസകൾ നേരുന്നു.

'ദിയാക്കോണിയ പാലിയേറ്റീവ് കെയർ' യൂണിറ്റിന്റെ പ്രവർത്തനം കൂടുതൽ ഇടവകകളിലേയ്ക്ക് വ്യാപിപ്പിച്ചു. അഞ്ചേരി സെന്റ് മേരീസ്, പുത്തൂർ, മണ്ണുത്തി, പൊന്നൂക്കര, പൂമല, വേലൂർ, ചിയാരം ഗലീലി, തൃശൂർ ലൂർദ്ദ്, പഴുവിൽ, ചാഴൂർ എന്നീ ഇടവകകളിലെ കിടപ്പുരോഗികളെഎക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുകയും, പങ്കുവെയ്ക്കുകയും, ചികിത്സാ സഹായം കൈമാറുകയും ചെയ്തു.

| | |
|---|---|
| ഡയറക്ടർ | സെക്രട്ടറി |
| **റവ.ഫാ. സിജോ അരിക്കാട്ട്** | **സി. റൊസീന ഡേവീസ് FCC** |

# എക്സെൽ സ്റ്റഡി പ്രോഗ്രാം

തൃശ്ശൂർ അതിരൂപതയുടെ ശതോത്തര രജതജൂബിലിയോടനുബന്ധിച്ച് ആരംഭിച്ച എക്സൽ സ്റ്റഡി പ്രോഗ്രാം മൂന്നു വർഷം വലിയ ദൈവാനുഗ്രഹത്തോടെ വിജയകരമായി പൂർത്തീകരിച്ചു. നിതാന്ത ജാഗ്രതയോടെ ഈ വിദ്യാഭ്യാസപദ്ധതിയെ മുന്നോട്ട് പോകാൻ സഹായിക്കുന്ന അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനോടും മാർ റാഫേൽ തട്ടിൽ പിതാവിനോടും മറ്റ് അതിരൂപതാധികാരികളോടുമുള്ള വലിയ കൃതജ്ഞത ഈ അവസരത്തിൽ അറിയിക്കട്ടെ.

മാർഗ്ഗദർശന നേതൃത്വവുമായി ഈ പ്രോഗ്രാമിനെ നയിക്കുന്ന പ്രൊഫ. പി. സി. തോമസ് മാസ്റ്റർ, മറ്റ് അദ്ധ്യാപകർ എന്നിവരുടെ സേവനം ശ്ലാഘനീയമാണ്. അടുത്തവർഷം (2015-16) പുതിയതായി 7, 8, 9, 10, 11 ക്ലാസ്സുകളിലേക്ക് ചേരാനാഗ്രഹിക്കുന്നവർക്കും കറസ്പോണ്ടൻസ് ആയി ഇപ്പോൾ പങ്കെടുക്കുന്നവർക്കും പ്രവേശനം ലഭിക്കുന്നതിനുള്ള പരീക്ഷ 2015 മെയ് 9ന് തൃശ്ശൂർ സെ. തോമാസ് കോളേജിൽ വച്ച് രാവിലെ 9.30ന് നടത്തുന്നു. പരീക്ഷക്കുള്ള വിഷയങ്ങൾ അതതുക്ലാസ്സിലേക്കുള്ള ജനറൽ ഇംഗ്ലീഷ്, ആനുകാലിക വിഷയങ്ങൾ എന്നിവയായിരിക്കും.

ആശംസകളോടേ,

ഫാ.ലോറൻസ് തൈക്കാട്ടിൽ
ഡയറക്ടർ
മൊബ : 9847923332
0487-2336066


അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.....
ബി. ടെക് കോഴ്സുകൾ
സിവിൽ എഞ്ചിനീയറിംഗ്
കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്
ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്
ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്
മെക്കാനിക്കൽ എഞ്ചിനീയറിംഗ്
Admission Help line
9526924455, 9526934455,9526964455
Admission Office @ Thrissur
Room No :80,Pastoral Centre Thrissur -680 005
Institution Code
JEC
JYOTHI ENGINEERING COLLEGE
LEAD KINDLY LIGHT
CREATING TECHNOLOGY LEADERS OF TOMORROW
Jyothi Engineering College
A CENTRE OF EXCELLENCE IN SCIENCE & TECHNOLOGY BY THE CATHOLIC ARCHDIOCESE OF THRISSUR
JYOTHI HILLS, VETTIKKATTIRI P.O., CHERUTHURUTHY, THRISSUR PIN - 679531 PH: +91 - 4884 - 274198, 274423 FAX : 04884 - 274777
www.jecc.ac.in | E-mail : info@jecc.ac.in

# പാവനസ്മരണയ്ക്ക്



# മാർ ഫ്രാൻസീസ് വാഴപ്പിള്ളി

പ്രാർത്ഥനാപൂർവ്വം :

തൃശൂർ അതിരൂപത

Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.04.2014
May 2015




Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005